بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 34

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ആഗസ്റ്റ് 24/ ഹി.ശം 1402 ളുഹൂർ 24/ ഹി:ഖ 1445 സഫർ 6

## അല്ലാഹുവിന്റെ വചനം

وَنُنَزِّلُ مِنَ الۡقُرۡاٰنِ مَا ہُوَ شِفَآءٌ
وَّرَحۡمَۃٌ لِّلۡمُؤۡمِنِیۡنَ ۙ وَلَا یَزِیۡدُ
الظّٰلِمِیۡنَ اِلَّا خَسَارًا ○
(بنی اسرائیل:83)

വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള (അധ്യാപനം)നാം ഖുർആനിൽനിന്ന് ഇറക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, അക്രമികൾക്കത് നഷ്ടം മാത്രമെ വർധിപ്പിക്കുന്നുള്ളു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**നിങ്ങൾക്കു എളുപ്പമായ രൂപത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊള്ളുവിൻ:**

(2419) ഹദ്റത്ത് ഉമർ(റ)നിവേദനം. സൂറത്തു ഫുർഖാൻ ഞാൻ ഓതുന്ന ശൈലിയിൽ അല്ലാതെ മറ്റൊരു രൂപത്തിൽ ഹദ്റത്ത് ഹിശ്ശാം ബിൻ ഹക്കീം ബിൻ ഹസ്സാം ഓതുന്നത് ഞാൻ കേട്ടു. അദ്ദേഹത്തെ നമസ്കാരത്തിൽ ത്തന്നെ പിടികൂടാൻ ഞാൻ ആഗ്രഹിച്ചു. എങ്കിലും പിരിയുന്നതുവരെ ഞാൻ അദ്ദേഹത്തിന് താമസം നല്കി. ശേഷം അദ്ദേഹത്തിന്റെ വസ്ത്രം പിടിച്ചു ഞാൻ നബി(സ)തിരുമേനിയുടെ അടുത്തു കൊണ്ടുപോകുകയും വിവരം നബിയോടു പറയുകയും ചെയ്തു. അദ്ദേഹത്തോടു ഓതിക്കേൾപ്പിക്കാൻ നബി(സ)തിരുമേനി പറഞ്ഞു. ഹിശ്ശാം ഓതിയപ്പോൾ ഇപ്രകാരം തനിക്ക് അവതരിപ്പിച്ചു തന്നിട്ടുണ്ടെന്ന് നബി(സ)തിരുമേനി പറഞ്ഞു. പിന്നീട് എന്നോടു ഓതുവാൻ പറഞ്ഞു. അപ്പോൾ ഞാൻ ഓതിക്കേൾപ്പിച്ചു. നബി(സ)തിരുമേനി പറഞ്ഞു: ഇപ്രകാരവും എനിക്ക് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. നിശ്ചയം ഖുർആൻ ഏഴു ശൈലികളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അവയിൽനിന്ന് നിങ്ങൾക്കു എളുപ്പമായ രൂപത്തിൽ പാരായണം ചെയ്തുകൊള്ളുവിൻ.

(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽഖുസ്വൂമാത്ത്, പ്രസാധനം 2008 ഖാദിയാൻ)

സ്വർഗീയ ജീവിതം ഈ ലോകത്തുനിന്ന് ആരംഭിക്കാത്തിടത്തോളം ഈ ലോകത്ത് അത് രുചിച്ചറിയുന്നതുവരെ വയറുനിറയാത്തിടത്തോളം സമാധാനത്തിലിരിക്കരുത്. കാരണം ഈ ലോകത്ത് ഒന്നും പ്രാപിക്കാത്തവൻ ഭാവിയിൽ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**യിബാദത്തിന്റെ യാഥാർഥ്യം:**

മനുഷ്യൻ സകലവിധത്തിലുള്ള പാരുഷ്യവും വക്രതയുമകറ്റി കർഷകൻ മണ്ണിനെ ശുദ്ധിയാക്കുന്നതുപോലെ മനസ്സിന്റെ മണ്ണിനെ ശുദ്ധിയാക്കുന്നതിനാണ് യിബാദത്ത് അഥവാ ആരാധന എന്നു പറയുന്നത്.......ഇതേപോലെ മനസ്സിന്റെ മണ്ണിൽ ഏതെങ്കിലും ചരൽക്കല്ലോ, കല്ലോ, കുണ്ടുംകുഴിയോ ഉണ്ടാകരുത്. റൂഹ് മാത്രം ഇരിക്കുന്നതുപോലെയായിരിക്കണം. അതിന്റെ പേരാണ് 'യിബാദത്ത്.' ഈ രീതിയിൽ കണ്ണാടി വൃത്തിയാക്കുകയും ശുദ്ധിയാക്കുകയും ചെയ്താൽ അതിൽ രൂപം കാണാൻ കഴിയുന്നു. മണ്ണ് അങ്ങനെയാക്കുകയാണെങ്കിൽ അതിൽ പലതരത്തിലുള്ള പഴവർഗങ്ങളുണ്ടാകുന്നതായിരിക്കും. അതിനാൽ യിബാദത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ മനസ്സ് ശുദ്ധീകരിക്കുകയും അതിലൊരു തരത്തിലുള്ള വക്രതയും ഉയർച്ചയും താഴ്ച്ചയും ചരൽക്കല്ലുകളും കല്ലുകളും ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ അതിൽ അല്ലാഹുവിനെ കാണാൻ കഴിയുന്നതാണ്.

സ്വർഗവും നരകവും

യാഥാർഥ്യമെന്താണെന്നാൽ സ്വർഗീയ ജീവിതം ഈ ലോകത്തുനിന്നുതന്നെ തുടങ്ങുന്നു. ഇപ്രകാരം അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽനിന്നും തികച്ചും മാറി അന്ധന്മാരെപ്പോലെ ജീവിക്കുകയാണെങ്കിൽ അത് നാരകീയമായ ജീവിതത്തിന്റെ മാതൃകയാണ്. മരിച്ചതിനുശേഷം ലഭിക്കുന്നസ്വർഗം ഇതേ സ്വർഗത്തിന്റെ അസ്സലാണ്. അതുകൊണ്ടാണ് സ്വർഗവാസികൾ സ്വർഗത്തിലെ നിഅ്മത്തുകൾ രുചിക്കുന്ന നേരത്ത് ഹാദല്ലദീ രുസിഖ്നാ മിൻ ഖബ്‌ലു(2:26)എന്നു പറയുന്നത്. ലോകത്ത് മനുഷ്യന് ലഭിക്കുന്ന സ്വർഗം അത് ഖദ് അഫ്‌ലഹാ മൻ സക്കാഹാ(91:10) എന്നതനുസരിച്ച് പ്രവൃത്തിക്കന്നതു കൊണ്ടാണ് ലഭിക്കുന്നത്. മനുഷ്യൻ യിബാദത്തിന്റെ യഥാർഥ ഉദ്ദേശ്യവും കാമ്പും കരസ്ഥമാക്കുമ്പോൾ അല്ലാഹുവിന്റെ പാരിതോഷികത്തിന്റേയും ആദരവിന്റേയും പരിശുദ്ധമായ പരമ്പര ഒഴുകാൻ തുടങ്ങുന്നു. ഏതൊരു റഹ്മത്തുകളാണോ ബാഹ്യമായ മരണത്തിനുശേഷം കാണപ്പെടുന്നതും അനുഭവിക്കുന്ന നിലയിൽ ലഭിക്കുന്നതും അതിപ്പോൾ ആത്മീയമായ നിലയിൽ പ്രാപിക്കുന്നതാണ്. അതുകൊണ്ട് ഓർമിക്കുക, സ്വർഗീയ ജീവിതം ഈ ലോകത്തുനിന്ന് ആരംഭിക്കാത്തിടത്തോളം ഈ ലോകത്ത് അത് രുചിച്ചറിയുന്നതുവരെ വയറുനിറയാത്തിടത്തോളം സമാധാനത്തിലിരിക്കരുത്. കാരണം ഈ ലോകത്ത് ഒന്നും പ്രാപിക്കാത്തവൻ ഭാവിയിൽ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്. യഥാർഥത്തിൽ അവൻ മൻ കാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ(17:73) എന്നതിന്റെ സാക്ഷാത്കരമാണ്. അതുകൊണ്ട് അല്ലാഹുവല്ലാത്തതെല്ലാം മനസ്സിൽനിന്ന് അകറ്റാത്തിടത്തോളം, അതിനെ കണ്ണാടിപോലെ മിനുസപ്പെടുത്താതെയും സുറുമപോലെ പൊടിയാക്കാത്തിടത്തോളം ക്ഷമച്ചിരിക്കരുത്. (മൽഫൂദാത്ത് വാല്യം 1, പേജ് 472, പ്രസാധനം 2018, ഖാദിയാൻ)

സ്വുബ്ഹി നമസ്കാരം പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ മുമ്പിൽ സമർപിക്കപ്പെടുന്നു. പ്രത്യേകമായ നിലയിൽ സ്വീകരിക്കപ്പെടുന്നു. കാരണം ആ നേരത്ത് മനുഷ്യൻ മാധുര്യമേറിയ ഉറക്കം ഉപേക്ഷിച്ചിട്ടാണ് ഉണരുന്നത്. നിസംശയം സ്വുബ്ഹി നമസ്കരിക്കുന്ന മനുഷ്യൻ ആ നമസ്കാരം വിശ്വസ്തതയോടെ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ മറ്റു നമസ്കാരങ്ങളും അവന് എളുപ്പമായിത്തീരുന്നതായിരിക്കും.




**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ 2023 ജൂലായ് 21 (സമ്പൂർണ തർജമ)

പ്രസ്സ് റിലീസ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീഇസ്റാഈലിലെ 79-ാമത്തെ വചനമായ അഖിമിസ്സ്വലാത്ത ലിദുലൂക്കിശ്ശംസി ഇലാ ഗസഖില്ലയ്‌ലി വഖുർആനൽ ഫജ്‌രി-ഇന്ന ഖുർആനൽ ഫജ്‌രി കാന മശ്ഹൂദൻ (സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുന്ന സമയം മുതൽ രാത്രി ഇരുട്ടാകുംവരെ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. അതിനു പുറമെ പ്രഭാതവേളയിലെ ഖുർആൻ പാരായണവും മുറപ്രകാരം അനുഷ്ഠിച്ചു വരിക. തീർച്ചയായും പ്രഭാതവേളയിലെ ഖുർആൻ പാരായണം സ്വീകരിക്കപ്പെടുന്നതാണ്)എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

'ഈ വചനങ്ങളിൽ മുസ്‌ലിമീങ്ങളെ വരാൻപോകുന്ന ഭയാനകമായ ബുദ്ധിമുട്ടുകളെ നേരിടാൻ തയ്യാറാക്കപ്പെട്ടിരിക്കുകയാണ്. ഒരു ഭാഗത്ത് ഹിജ്റത്തിനുശേഷം ബാഹ്യത്തിൽ ആരാധനകൾ നിർവഹിക്കുന്നുവെന്ന് തോന്നുകയും മുസ്‌ലിമീങ്ങളുടെ അലസത അവരെ ആക്ഷേപിക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നതിന് ഇടം നല്കുകയും ചെയ്യുന്ന ഒരു ജനതകളുമായി പോരാട്ടമുണ്ടാകാൻ പോകുകയായിരുന്നു. മറുഭാഗത്താണെങ്കിൽ ആരാധനാ കർമങ്ങളിൽ മടിയുണ്ടാകാറുണ്ടായിരുന്ന മുസ്

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലാഹു നമ്മളിൽ പ്രത്യേകമായ നിലയിൽ ബദ്റിന്റെ പ്രാധാന്യത്തിന്റെ ഗ്രാഹ്യം ഉണ്ടാക്കുമാറാകട്ടെ. നമ്മൾ നബി(സ)തിരുമേനിയുടെ സേവകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം മനസ്സിലാക്കുന്നവരാകട്ടെ. മുസ്‌ലിം ഉമ്മത്തും ഈ ബദ്ർ സംഭവത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും നബി(സ)തിരുമേനിയുടെ സേവകനായി വന്ന മസീഹ് മൗഊദിനെ തിരിച്ചറിയുന്നവരായിത്തീരുകയും ചെയ്യുമാറാകട്ടെ; മുസ്‌ലിമീങ്ങൾ തങ്ങളുടെ കളഞ്ഞുപോയ മഹത്ത്വം കരസ്ഥമാക്കുന്നതിന് കഴിവുള്ളവരായിത്തീരാൻ!

നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോട് ഇപ്രകാരം താക്കീതു ചെയ്തു: യുദ്ധത്തടവുകാരോട് സൗമ്യതയോടും ദയയോടുംകൂടി പെരുമാറേണ്ടതാണ്. അവരുടെ സുഖസൗകര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

നബി(സ)തിരുമേനി ഈ ഉമ്മത്തിൽ വരുന്ന മഹ്ദിയുടെ ഒരു ലക്ഷണം ഇപ്രകാരം വിവരിക്കുകയുണ്ടായി: 'അദ്ദേഹത്തിന്റെ പക്കൽ ഒരു ഗ്രന്ഥമുണ്ടാകും. അതിൽ ബദ്‌രിസ്വഹാബാക്കളുടെ എണ്ണത്തിന് തുല്യം 313 സ്വഹാബാക്കളുടെ പേരുണ്ടാകും.'

ജൽസയുടെ വിവിധ ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെട്ട എല്ലാ പ്രവർത്തകരും ജൽസയിൽ പങ്കെടുക്കുന്നവരെയെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെന്ന് മനസ്സിലാക്കി സേവിക്കാൻ ശ്രമിക്കേണ്ടതാണ്.

ഡ്യൂട്ടിക്കാർ എപ്പോഴും സൽപെരുമാറ്റം കാഴ്ചവെക്കേണ്ടതാണ്. മുഖത്ത് എപ്പോഴും മന്ദസ്മിതമുണ്ടായിരിക്കേണ്ടതാണ്.

ആരിലെങ്കിലും നമ്മുടെ പരിശുദ്ധിക്കും അധ്യാപനത്തിനും വിരുദ്ധമായി എന്തെങ്കിലും തെറ്റായ കാര്യം കണ്ടാൽ അവർക്ക് സൗമ്യതയോടെയും സ്നേഹത്തോടെയും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

ഈ ജൽസയുടെ വിജയത്തിനുവേണ്ടി ഓരോ അഹ്‌മദിയും പ്രത്യേകമായ നിലയിൽ ദുആകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ബദ്ർ യുദ്ധത്തെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ജീവിതസ്മരണ, ബദ്ർ യുദ്ധത്തിന്റെ പ്രാധാന്യവും അതിന്റെ നേട്ടങ്ങളും, അപ്രകാരംതന്നെ ബദ്‌രി സ്വഹാബാക്കളുടെ ശ്രേഷ്ഠതയുടെ വിവരണം.

ജൽസാസാലാന യു.കെ. യെ സംബന്ധിച്ച് അതിഥി സൽക്കാരത്തിന്റെ പ്രാധാന്യത്തെ പറ്റിയുള്ള വിവരണവും പ്രവർത്തകർക്കും അതിഥികൾക്കുമുള്ള സുവർണമായ ഉപദേശങ്ങളും.

**ഖുത്ബ ജുമുഅ 2023 ജൂലായ് 21/1402 വഫാ 21**
**മസ്ജിദ് ബൈത്തുൽ ഫുത്തൂഹ്, മോർഡൻ, ലണ്ടൻ, യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബദ്ർയുദ്ധവുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനിയുടെ ജീവചരിത്രത്തിന്റെ പരാമർശമായിരുന്നു നടന്നു വന്നിരുന്നത്. ഇതു സംബന്ധമായി കുറച്ചുകൂടി കാര്യങ്ങൾ അവതരിപ്പിക്കുന്നതാണ്. ബദ്ർയുദ്ധം അവസാനിച്ചശേഷം നബി(സ)തിരുമേനിയുടെ യുദ്ധത്തടവുകാരോടുള്ള സൽപ്പെരുമാറ്റത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു. ത്വബഖാത്ത് ഇബ്നുസഅ്ദിൽ വന്നിരിക്കുന്നു. ബദ്റിലെ യുദ്ധത്തടവുകാർ വന്നപ്പോൾ അതിൽ നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസുമുണ്ടായിരുന്നു. അന്നു രാത്രി നബി(സ)തിരുമേനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ ഒരു സ്വഹാബി ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ!ഏതു കാര്യമാണ് അങ്ങയുടെ ഉറക്കം കെടുത്തുന്നത്?' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അബ്ബാസിന്റെ ഞരക്കം!' അപ്പോൾ ഒരാൾ ചെന്ന് ഹദ്റത്ത് അബ്ബാസിന്റെ കെട്ടയച്ചുവിട്ടു. അദ്ദേഹത്തെ കയർകൊണ്ട് മുറുക്കിക്കെട്ടിയിരിക്കുകയായിരുന്നു. അതല്പം അയച്ചു വിട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്താണ് പറ്റിയത്? അബ്ബാസിന്റെ ഞരക്കം കേൾക്കുന്നില്ലല്ലോ?' ഞാൻ പറഞ്ഞു:അദ്ദേഹത്തിന്റെ കെട്ട് അല്പം അയച്ചു വിട്ടതാണ്. നബി(സ)തിരുമേനി അപ്പോൾ പറഞ്ഞു: 'അങ്ങനെയാണെങ്കിൽ എല്ലാ തടവുകാരോടും അങ്ങനെതന്നെ ചെയ്യുക. എന്റെ ബന്ധുവാണെന്നു കരുതി ഒരാളോടുമാത്രം അങ്ങനെ ചെയ്യുന്നത് ശരിയല്ല.'(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നിസഅ്ദ് , വാള്യം 4, പേജ് 9, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ, 2012)എന്റെ ബന്ധുവാണെന്ന് കരുതി അങ്ങനെ ചെയ്യാൻ പാടില്ല.

ബദ്റിലെ യുദ്ധത്തടവുകാരെ കുറിച്ച് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സവിസ്തരം പരാമർശിച്ചിട്ടുണ്ട്. എഴുതുന്നു: മൂന്നു ദിവസത്തോളം നബി(സ)തിരുമേനി ബദ്റിന്റെ താഴ്‌വാരത്ത് താമസം തുടർന്നു. ആ സമയത്ത് ശുഹദാഇന്റെ ജനാസയും ഖബറടക്കവും നടക്കുകയായിരുന്നു. അതുപോലെ പരിക്കേറ്റവരുടെ ശുശ്രൂഷയും നടക്കുന്നുണ്ടായിരുന്നു. ആ ദിവസങ്ങളിൽത്തന്നെ യുദ്ധമുതൽ ശേഖരിച്ച് വിതരണം ചെയ്യുകയുമായിരുന്നു. കാഫിരീങ്ങളുടെ എഴുപതു യുദ്ധത്തടവുകാരെ സുരക്ഷയോടെ വിവിധ മുസ്‌ലിമീങ്ങൾക്ക് ഏല്പിച്ചുകൊടുത്തു. നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോട് ഇപ്രകാരം താക്കീതു ചെയ്തു: യുദ്ധത്തടവുകാരോട് സൗമ്യതയോടും ദയയോടുംകൂടി പെരുമാറേണ്ടതാണ്. അവരുടെ സുഖസൗകര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

സ്വഹാബാക്കൾക്ക് നബി(സ)തിരുമേനിയുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നതു വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിയുടെ ഈ ഉപദേശം അവർ എത്രമാത്രം മനോഹരമായാണ് പ്രാവർത്തികമാക്കിയതെന്നാൽ ലോകചരിത്രത്തിൽ അതിന് ഉപമകൾ കാണാൻ കഴിയില്ല. ആ യുദ്ധത്തടവുകാരിൽ ഒരാളായിരുന്ന അബൂ ഉസയ്ർ ബിൻ ഉമയ്ർ നിവേദനം. നബി(സ)തിരുമേനിയുടെ കല്പന കാരണത്താൽ അൻസ്വാർ എനിക്കു ചുട്ടെടുത്ത റൊട്ടി നൽകുമായിരുന്നു. എന്നിട്ട് സ്വയം ഈത്തപ്പഴമോ മറ്റോ കഴിക്കുമായിരുന്നു. പല തവണ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അവരുടെ പക്കൽ ചെറിയ റൊട്ടിക്കഷണമുണ്ടായാൽപോലും സ്വയംതിന്നാതെ അവർ അതെനിക്കു നൽകുമായിരുന്നു. ഞാൻ ചിലപ്പോൾ നാണംകൊണ്ട് അതു മടക്കിക്കൊടുത്താൽ അവർ എനിക്കുതന്നെ തിരിച്ച് തരുമായിരുന്നു. വസ്ത്രം ഇല്ലാത്തവർക്ക് മുസ്‌ലിമീങ്ങൾ വസ്ത്രം നൽകുമായിരുന്നു. അബ്ബാസിന്, അബ്ദുല്ലാഹ് ബിൻ ഉബയ്യ് അപ്രകാരം തന്റെ കമീസ് നൽകുകയുണ്ടായി. സർ വില്ല്യം മ്യൂർ മുസ്‌ലിമീങ്ങളുടെ യുദ്ധത്തടവുകാരോടുണ്ടായിരുന്ന അനുഭാവപൂർവമായ സമീപനത്തെ കുറിച്ച് ഇപ്രകാരം പറയുന്നു:മുഹമ്മദ്(സ)ന്റെ കല്പന പ്രകാരം മുഹാജിരീങ്ങളും അൻസ്വാറും യുദ്ധത്തടവുകാരോട് വളരെ സ്നേഹത്തോടെയും വാത്സല്യത്തോടെയും പെരുമാറിയിരുന്നു. ഏതുപോലെയെന്നാൽ ചില യുദ്ധത്തടവുകാരുടെ സ്വയം സാക്ഷ്യപ്പെടുത്തലുകളും ചരിത്രത്തിൽ രേഖപ്പെട്ടിട്ടുണ്ട്. അതിങ്ങനെ വന്നിരിക്കുന്നു: മദീനക്കാർക്ക് അല്ലാഹു നല്ലതു വരുത്തട്ടെ. അവർ ഞങ്ങൾക്ക് സവാരിമൃഗങ്ങളെ നൽകുകയും സ്വയം കാൽനടയായി പോകുകയും ചെയ്തിരുന്നു. ഞങ്ങൾക്ക് ആട്ടയുടെ ചുട്ടെടുത്ത റൊട്ടി നൽകുമായിരുന്നു. അതുപോലെ സ്വയം ഈത്തപ്പഴങ്ങൾ കഴിച്ച് കൂടുമായിരുന്നു. അതുകൊണ്ട് മ്യൂർ സാഹിബ് എഴുതുന്നു: ചില തടവുകാർ ഈ സൽപ്പെരുമാറ്റത്തിന്റെ പ്രഭാവത്തിനുകീഴിൽ വന്നുകൊണ്ട് മുസ്‌ലിമീങ്ങളായി എന്നതിൽ അത്ഭുതപ്പെടാനില്ല.

തടവുകാരോട് ഇത്തരത്തിൽ പെരുമാറ്റമുണ്ടായപ്പോൾ ചിലർ മുസ്‌ലിമീങ്ങളായി. അത്തരക്കാരെ ഉടനടി സ്വതന്ത്രരുമാക്കി. മാത്രമല്ല .........ഇസ്‌ലാം മതം സ്വീകരിക്കാത്ത തടവുകാരോട് അവർ കാണിച്ചിരുന്ന സൽപ്പെരുമാറ്റം അവരിൽ വലുതായ സ്വാധീനമാണുളവാക്കിയത്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ പേജ് 365)

ബദ്ർയുദ്ധത്തിന്റെ പ്രാധാന്യത്തെയും അതിന്റെ സ്വാധീനതകളെയും കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു:ബദ്ർ യുദ്ധവിജയം നടന്നതിന്റെ സുവാർത്ത അറിയിക്കാൻ അബ്ദുല്ലാഹ് ബിൻ റവാഹ (റ)സയ്ദ് ബിൻ ഹാരിഥയോടൊപ്പം മദീനയിലെത്തി. അവരുടെ വായിൽനിന്ന് വിജയ സുവാർത്തയുടെ പ്രഖ്യാപനം കേട്ടപ്പോൾ ദൈവശത്രുവായ കഅ്ബ് ബിൻ അശ്റഫ് എന്ന യഹൂദി അവരെ കള്ളന്മാരാക്കി. അയാൾ പറഞ്ഞു: 'മുഹമ്മദ്(സ) ഇത്രയും വലിയ വലിയ പ്രമാണിമാരെ വധിച്ചെങ്കിൽ ഭൂമുഖത്ത് താമസിക്കുന്നതിനെക്കാൾ നല്ലത് മാളത്തിൽപ്പോയി താമസിക്കുന്നതാണ്.'അതായത് ജീവിച്ചിരിക്കുന്നതിനെക്കാൾ നല്ലത് മരിക്കുന്നതാണെന്ന്!(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 250, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

അല്ലാമാ ശിബ്‌ലി നുഅ്മാനി ബദ്ർയുദ്ധത്തിന്റെ പരിണാമത്തെ കുറിച്ച് ഇപ്രകാരമെഴുതുന്നു. ബദ്ർയുദ്ധം മതപരമായും അതുപോലെ രാജ്യതലത്തിലുള്ള അവസ്ഥകളിൽ പ്രകടമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. യഥാർഥത്തിൽ ഇതു ഇസ്‌ലാമിന്റെ പുരോഗതിയിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പായിരുന്നു. ഇസ്‌ലാമിന്റെ പുരോഗതിയുടെ വഴിയിൽ തടസ്സമായി നിലകൊണ്ട ഖുറയ്ശികളായ വമ്പന്മാരെല്ലാവരും മരണപ്പെട്ടു. ഉത്ബയും അബൂജഹ്‌ലും മരിച്ചത് ഖുറയ്ശികളുടെ ഭരണകൂടത്തിന്റെ കിരീടം അബൂസുഫിയാനിന്റെ ശിരസ്സിൽ വരാൻ വഴിവെച്ചു. അപ്രകാരമാണ് അമവി ഭരണകൂടത്തിന് തുടക്കം കുറിച്ചത്. എന്നാൽ, ഖുറയ്ശികളുടെ ശരിയായ ശക്തിയും ഭരണവും മറ്റും ക്ഷയിച്ച് തുടങ്ങി. മദീനയിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ വ്യക്തമായ നിലയിൽ കാഫിറായിരുന്നെങ്കിൽ പിന്നീട് ബാഹ്യദൃഷ്ടിയാ അയാൾ ഇസ്‌ലാമിക വൃത്തത്തിലേക്ക് ചേക്കേറി. ബദ്ർ വിജയ ശേഷം അയാളും ബാഹ്യമായ നിലയിൽ ഇസ്‌ലാം സ്വീകരിച്ചു. ജീവിതകാലം മുഴുവനും കപടവിശ്വാസിയായി കഴിച്ചുകൂട്ടി. അതെ അവസ്ഥയിൽത്തന്നെ അയാൾ മരണപ്പെടുകയുണ്ടായി. അറബ് ഗോത്രങ്ങൾ ഈ സംഭവപരമ്പരകളെല്ലാം കണ്ടു അടങ്ങിയിരുന്നില്ലെങ്കിലും എന്തായാലും ഭയന്ന് പോവുകയുണ്ടായി, ഒരുപാട് അറബ്ഗോത്രങ്ങൾ മുസ്‌ലിമീങ്ങളായില്ലെങ്കിലും എന്തായാലും അവർ നല്ലവണ്ണം ഭയന്നിരുന്നു. മുസ്‌ലിമീങ്ങൾക്കെതിരിൽ അവർ പദ്ധതികളാസൂത്രണം ചെയ്യുകയുണ്ടായി. ഇപ്രകാരത്തിലുള്ള അനുകൂല സാഹചര്യങ്ങളോടൊപ്പം പ്രതികൂല കാര്യങ്ങളും വളരെയധികം ഉണ്ടായിത്തുടങ്ങി. എല്ലാ കാര്യങ്ങളിലും ഒറ്റക്കെട്ടായി നിൽക്കുമെന്ന് യഹൂദികളോടു ഉടമ്പടി ഉണ്ടായിരുന്നുവെങ്കിലും ഈ പ്രകടമായ വിജയംകണ്ട് അവരിൽ അസൂയാഗ്നി ആളിക്കത്തി. അത് അവർക്ക് നിയന്ത്രിക്കാനായില്ല........ഖുറയ്ശികൾക്ക് ആദ്യം ഹള്റമിയെ കുറിച്ചായിരുന്നു പറഞ്ഞ് വിലപിക്കാനുണ്ടായിരുന്നതെങ്കിൽ ബദ്റിനുശേഷം എല്ലാ വീടും മരണവീടായിമാറി. ബദ്റിൽ വധിക്കപ്പെട്ടവർക്കുവേണ്ടി പ്രതികാരം ചെയ്യാൻ മക്കയിലെ കുഞ്ഞുകുട്ടികൾ പോലും അസ്വസ്ഥരായിരുന്നു. അപ്രകാരത്തിലാണ് 'സുവയ്ഖ്' സംഭവം നടന്നതും ഉഹുദ് യുദ്ധത്തിന്റെ പശ്ചാത്തലം അരങ്ങേറിയതും. (സീറത്തുന്നബി, ശിബ്‌ലി നുഅ്മാനീ, വാള്യം 1, പേജ് 210-211, പ്രസാധനം ഓർസൈഡ് പാക്കേജസ്സ് ലാഹോർ ഹിജ്റ 1408)

ബദ്ർയുദ്ധ വിജയത്തിന്റെ അനന്തര ഫലങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'അതുവരെ മദീനയിൽ ഔസിന്റെയും ഖസ്റജിന്റെയും ഗോത്രത്തിൽ ഒരുപാടു പേർ ബഹുദൈവാരാധനയിൽ അകപ്പെട്ടിരുന്നു. ബദ്ർയുദ്ധം അവർക്കിടയിൽ ഒരു ചലനമുണ്ടാക്കി. അവരിൽ ഒരുപാടുപേർ നബി(സ)തിരുമേനിയുടെ ഈ മഹത്തായതും അസാധരണമായതുമായ വിജയം കണ്ടപ്പോൾ ഇസ്‌ലാമിന്റെ സത്യതയെ ഏറ്റു പറയുകയുണ്ടായി. കൂടാതെ അതിനുശേഷം മദീനയിൽ ബിംബാരാധനയുടെ ഘടകങ്ങൾ അതിവേഗം കുറയാനും തുടങ്ങി. എന്നാൽ, ചിലരുണ്ടായിരുന്നു. അവരുടെ ഹൃദയങ്ങളിൽ ഇസ്‌ലാമിന്റെ ഈ വിജയം വെറുപ്പിന്റെയും അസൂയയുടെയും തീപ്പൊരികൾ ആളിക്കത്തിച്ചു. അവർ തുറന്ന നിലയിൽ പ്രതിഷേധം നടത്തുന്നത് ഉചിതമല്ലെന്ന് കണ്ട് ബാഹ്യമായ നിലയിൽ ഇസ്‌ലാം സ്വീകരിക്കുകയും എന്നാൽ, ഉള്ളിന്റെയുള്ളിൽ അതിനെ ഉന്മൂലനം ചെയ്യാൻ തീരുമാനിക്കുകയും കപട വിശ്വാസികളുടെ കൂട്ടത്തിൽ ചേരുകയും ചെയ്തു. ആദ്യം പറഞ്ഞ കൂട്ടത്തിൽ എടുത്തു പറയേണ്ട വ്യക്തി അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലായിരുന്നു. അയാൾ ഖസ്റജ് ഗോത്രത്തിലെ പേരുകേട്ട ഒരു വ്യക്തിയായിരുന്നു, നബി(സ)തിരുമേനി മദീനയിൽ വന്നതു കാരണത്താൽ തനിക്കുണ്ടായിരുന്ന നേതൃസ്ഥാനം നഷ്ടപ്പെട്ടതിന്റെ ആഘാതം അയാൾക്കുണ്ടായിരുന്നു. ആ വ്യക്തി ബദ്ർയുദ്ധത്തിനു ശേഷം ബാഹ്യമായി മുസ്‌ലിമായെങ്കിലും അയാളുടെ ഹൃദയത്തിൽ ഇസ്‌ലാമിനെതിരെ വെറുപ്പും വിദ്വേഷവും നിറഞ്ഞിരുന്നു. കപടവിശ്വാസികളുടെ നേതാവായിക്കൊണ്ട് അയാൾ രഹസ്യമായ നിലയിൽ ഇസ്‌ലാമിനും നബി(സ)തിരുമേനിക്കുമെതിരിൽ കുത്സിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ.പേജ് 376)

വീണ്ടും പറയുന്നു: കാഫിരീങ്ങളും മുസ്‌ലിമീങ്ങളും ഒരുപോലെ ബദ്ർയുദ്ധത്തിന്റെ ശക്തമായതും ദൂരവ്യാപകവുമായ സ്വാധീന വലയത്തിൽ അകപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ ഈ യുദ്ധത്തിന് ഇസ്‌ലാമിന്റെ ചരിത്രത്തിൽ വളരെ പ്രാധാന്യമുണ്ട്. എത്രത്തോളമെന്നാൽ വിശുദ്ധ ഖുർആൻ ഈ യുദ്ധത്തെ 'യൗമുൽ ഫുർഖാൻ' എന്ന് വിശേഷിപ്പിച്ചു. അതായത് ആ ദിവസം ഇസ്‌ലാമിന്റെയും കുഫ്റിന്റെയുമിടയിൽ വ്യക്തമായ ഒരു തീരുമാനമുണ്ടായി. ബദ്ർയുദ്ധത്തിനുശേഷവും ഖുറയ്ശികൾക്കും മുസ്‌ലിമീങ്ങൾക്കുമിടയിൽ യുദ്ധങ്ങൾ തീർച്ചയായും നടന്നിട്ടുണ്ട്. വളരെ ഘോരമായ യുദ്ധങ്ങൾ നടക്കുകയും മുസ്‌ലിമീങ്ങൾ അപായകരമായ പല അവസ്ഥകളും നേരിടേണ്ടി വരികയും ചെയ്തിട്ടുണ്ടെങ്കിലും ബദ്ർ യുദ്ധത്തിൽ കാഫിരീങ്ങളുടെ നട്ടെല്ലുതന്നെ തകർന്നുപോയിരുന്നു. അതിനുശേഷം നടന്ന ഒരു യുദ്ധത്തിനും ഈ പരിക്ക് ശരിയാക്കാൻ കഴിഞ്ഞില്ല. കൊല്ലപ്പെട്ടവരുടെ എണ്ണം നോക്കുമ്പോൾ ഇത് അത്ര വലിയ തോൽവിയായിരുന്നില്ല. ഖുറയ്ശികളെപ്പോലുള്ള ഒരു സമൂഹത്തിൽ 70,72 സൈനികർ കൊല്ലപ്പെടുകയെന്നത് സാമൂഹിക നാശമായി കാണാൻ കഴിയില്ല. ഉഹുദ് യുദ്ധത്തിൽ ഇതേ എണ്ണത്തിൽ മുസ്‌ലിമീങ്ങൾ വധിക്കപ്പെട്ടിരുന്നു. മുസ്‌ലിമീങ്ങളുടെ ആകെ എണ്ണം കുറവായിരുന്നിട്ടും ഈ നഷ്ടം മുസ്‌ലിമീങ്ങളുടെ വിജയയാത്രയെ താൽക്കാലികമായിപോലും തടയാൻ കഴിഞ്ഞില്ല. പിന്നെന്തുകൊണ്ടാണ് ബദ്ർയുദ്ധത്തെ 'യൗമുൽ ഫുർഖാൻ' എന്ന് വിശേഷിപ്പിക്കുന്നത്. ഈ ചോദ്യത്തിന് ഏറ്റവും മികച്ച ഉത്തരം വിശുദ്ധ ഖുർആൻ വിവരിച്ചതാകുന്നു. പറയുന്നു: യഖ്ത്വഅ ദാബിറൽ കാഫിരീൻ. സത്യത്തിൽ അന്നേ ദിവസം കാഫിരീങ്ങളുടെ വേരുകൾ അറുക്കപ്പെട്ടിരുന്നു. ബദ്ർ യുദ്ധത്തിന്റെ പ്രഹരം കാഫിരീങ്ങളുടെ വേരുകളിൽ പതിക്കുകയും അത് രണ്ടു കഷണമാവുകയും ചെയ്തു. ഈ പ്രഹരം വേരുകൾക്കുപകരം ചില്ലകളിലാണ് പതിച്ചിരുന്നതെങ്കിൽ ഇപ്പോളത് എത്ര വലിയ പ്രഹരമാണെങ്കിലും വേരുകളിൽ പ്രഹരമേൽക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തിന് മുന്നിൽ ഒന്നുമാകുമായിരുന്നില്ല. എന്നാൽ, വേരുകളിലേറ്റ പ്രഹരം പച്ചപ്പുള്ള ഒരു വൃക്ഷത്തെ ക്ഷണനേരം കൊണ്ട് വിറകിന്റെ കൂമ്പാരമാക്കി മാറ്റി. ഉണങ്ങുന്നതിനുമുമ്പേ മറ്റു വൃക്ഷങ്ങളുമായി സമ്പർക്കത്തിലായിരുന്ന ചില്ലകൾ മാത്രം രക്ഷപ്പെട്ടു. ബദ്റിന്റെ മൈതാനത്ത് ഖുറയ്ശികളുടെ നഷ്ടത്തിന്റെ അളവുകോൽ എത്രപേർ മരിച്ചുഎന്നതിലായിരുന്നില്ല. പ്രത്യുത മരിച്ചവർ ആരൊക്കെയായിരുന്നു എന്നതിലായിരുന്നു. ഈ ഒരു ദൃഷ്ടികോണിലൂടെ നാം ഖുറയ്ശികളിലെ കൊല്ലപ്പെട്ടവരെ നോക്കുമ്പോൾ ബദ്റിൽ ഖുറയ്ശികളുടെ വേരുകൾ അറുക്കപ്പെട്ടിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയത്തിനും സന്ദേഹത്തിനും ഇടയുണ്ടാകില്ല. ഉത്ബ, ശെയ്ബ, ഉമയ്യ ബിൻ ഖലഫ്, അബൂജഹ്ൽ, ഉഖ്ബ ബിൻ അബീ മുയീത്ത്, നള്ർ ബിൻ ഹാരിഥ് എന്നിവർ ഖുറയ്ശി സമൂഹത്തിന്റെ നെടുംതൂണുകളായിരുന്നു. ഖുറയ്ശികളുടെ ഈ ആത്മാവ് ബദ്റിന്റെ മൈതാനത്ത് എന്നെന്നേക്കുമായി പറന്നകലുകയും ഖുറയ്ശ് ഒരു ജീവച്ഛവമായി മാറുകയും ചെയ്തു. ഈ നാശം കാരണംതന്നെയാണ് ബദ്ർയുദ്ധം 'യൗമുൽ ഫുർഖാൻ' എന്ന് അറിയപ്പെടുന്നത്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ.പേജ് 371-372)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ)ഇതിനെക്കുറിച്ചെഴുതുന്നു: ഈ യുദ്ധത്തെതന്നെയാണ് ഖുർആൻ ഫുർഖാൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. ഇസ്‌ലാമിനെ നാമാവശേഷമാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെട്ട അറേബ്യയിലെ പ്രമാണിമാർ സ്വയം നശിച്ചുപോയി. ഇന്ന് അവരെ സ്മരിക്കുന്നവർ ആരും തന്നെയില്ല. ആരെങ്കിലും സ്മരിക്കുന്നെണ്ടെങ്കിൽത്തന്നെ തങ്ങളെ അവരുമായി ബന്ധപ്പെടുത്തുന്നത് അഭിമാനത്തിനു പകരം അപമാനമായി കരുതുന്നവരാണുള്ളത്. അല്ലാഹു ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് മഹത്തായ വിജയം നൽകുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വീണ്ടും പറയുന്നു: ഇതിനു ശേഷവും മുസ്‌ലിമീങ്ങൾക്ക് പല അതിക്രമങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ടെന്നതിൽ സംശയമൊന്നുമില്ല. അവർക്ക് കാഫിരീങ്ങളുമായി പല യുദ്ധങ്ങളിലും ഏർപ്പെടേണ്ടി വന്നിട്ടുണ്ടെങ്കിലും ബദ്ർ യുദ്ധം കാഫിരീങ്ങളുടെ ശക്തിയെ തീർത്തും തകർത്തു കളഞ്ഞിരുന്നു. മുസ്‌ലിമീങ്ങളുടെ മഹത്ത്വം അവർക്കുമേൽ വെളിപ്പെട്ടിരുന്നു. വിശുദ്ധ ഖുർആൻ ഫുർഖാൻ എന്ന് വിശേഷിപ്പിച്ച ബദ്ർ യുദ്ധത്തെ കുറിച്ച് ബൈബിളിലും ഒരു പ്രവചനമുണ്ട്. യെശയ്യാവ് അധ്യായം 21, പതിമൂന്നു മുതൽ പതിനേഴുവരെയുള്ള വചനങ്ങളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'അറബിദേശത്തെ കുറിച്ചുള്ള പ്രവാചകം:ദേദാന്യരുടെ സാർഥഗണങ്ങളായുള്ളോരേ, നിങ്ങൾ അറബിയിലെ കാട്ടിൽ രാപാർപ്പിൻ. തേമദേശനിവാസികളേ, നിങ്ങൾ ദാഹിച്ചിരിക്കുന്നവന് വെള്ളം കൊണ്ടുചെല്ലുവിൻ;ഓടിപ്പോകുന്നവരെ അപ്പവുമായി ചെന്ന് എതിരേല്പിൻ. അവർ വാളിനെ ഒഴിഞ്ഞ് ഓടിപ്പോകുന്നവരാകുന്നു; ഊരിയ വാളിനെയും കുലച്ച വില്ലിനെയും യുദ്ധത്തിന്റെ കൊടുമയെയും ഒഴിഞ്ഞ് ഓടുന്നവർതന്നെ. കർത്താവ് ഇപ്രകാരം

എന്നോടു അരുളിച്ചെയ്തു:കൂലിക്കാരന്റെ ആണ്ടു പോലെയുള്ളഒരു ആണ്ടിന്നകം കേദാരിന്റെ മഹത്ത്വം ഒക്കെയും ക്ഷയിച്ചുപോകും;കേദാര്യരിൽ വീരന്മാരായ വില്ലാളികളുടെ കൂട്ടത്തിൽ ശേഷിക്കുന്നവർ ചുരുക്കമായിരിക്കും; യിസ്രായേലിന്റെ ദൈവമായ യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്.'(യെശയ്യാവ് അധ്യായം 21, 13-17)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു; യശയ്യാ നബിയുടെ ഈ വചനത്തിൽ ഒരു പ്രവചനമുണ്ട്. ഹിജ്റത്തു കഴിഞ്ഞ് ഒരു വർഷം പിന്നിട്ടാൽ അറേബ്യയിൽ ഒരു യുദ്ധം അരങ്ങേറും, അതിൽ കേദാരിന്റെ പ്രതാപമെല്ലാം മണ്ണിലലിയും. അവർ മുഹമ്മദ് റസൂലുല്ലാ(സ)യെ പേടിച്ചോടിയെന്ന ആരോപണത്തിന് വിധേയരാകുന്നവരാണ്. അവർ ത്തന്നെ തങ്ങളുടെ സൈന്യങ്ങളും യുദ്ധസന്നാഹങ്ങളും ഇരിക്കെ പിന്തിരിഞ്ഞോടുന്നതാണ്. ആ സന്ദർഭത്തിൽ അവരുടെ കമാണ്ടർമാരുടെയും ജനറൽമാരുടെയും മൃതദേഹങ്ങൾ യുദ്ധമൈതാനത്ത് കിടപ്പുണ്ടാകും. അവസാനം മക്കാ താഴ്‌വാരം തങ്ങളുടെ ജനറൽമാരെ നഷ്ടപ്പെടുത്തി തങ്ങളുടെ മുൻപ്രതാപത്തെ തീർത്തും നഷ്ടപെടുത്തുന്നതായിരിക്കും. അതുപോലെ വിശുദ്ധ ഖുർആനിൽ ഒരു പതിനൊന്നാം രാവിനെ കുറിച്ചുള്ള വാർത്തയോടെ ഇപ്രകാരം പ്രവചനമു ണ്ട്. ഹിജ്റത്തിനു ഒരു വർഷം പിന്നിട്ടാൽ സത്യനിഷേധികളുടെ സർവശക്തിയും ക്ഷയിക്കുന്നതാണ്. അതുപോലെ മുസ്‌ലിമീങ്ങൾക്ക് വിജയത്തിന്റെയും ആധിപത്യത്തിന്റെയും പ്രഭാതം പുലരുന്നതാണ്. അപ്രകാരം കൃത്യം ഒരു വർഷം കഴിഞ്ഞ് ബദ്ർ യുദ്ധം നടന്നു. അതിൽ സത്യനിഷേധികളുടെ വലിയ മൂപ്പന്മാർ വധിക്കപ്പെട്ടു. മുസ്‌ലിമീങ്ങൾക്ക് അവർക്കെതിരെ വൻവിജയം ലഭിച്ചു. പറയുന്നു: നോക്കൂ! മദീനയിൽവന്നശേഷം ആദ്യത്തെ റമളാൻവരെ ഈ പ്രവചനത്തിനു പത്തു വർഷം തികഞ്ഞിരുന്നു. റമളാൻ മുതലാണ് പതിനൊന്നാം വർഷത്തിന് തുടക്കം കുറിച്ചത്. അതിനു ഒരു വർഷം കഴിഞ്ഞശേഷം രണ്ടാം വർഷം റമളാൻ പതിനേഴിന് ബദ്ർയുദ്ധം അരങ്ങേറി. അതിൽ വലിയ വലിയ കാഫിരീങ്ങൾ വധിക്കപ്പെട്ടു. അവരുടെ അന്യായപൂർണമായ അതിക്രമങ്ങൾക്ക് അറുതി വന്നു. മുസ്‌ലിമീങ്ങൾക്കുമേൽ വന്ന ആ പതിനൊന്നാം രാവ് കൃത്യം ഒരു വർഷം പിന്നിട്ടപ്പോൾ അകന്നു പോയി. മുസ്‌ലിമീങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താലും സഹായ സഹകരണത്താലും വിജയപ്പുലരി കാണുകയുണ്ടായി. (തഫ്സീറെ കബീർ, വാള്യം6, പേജ് 515)

ബദ്റിലെ സ്വഹാബാക്കൾക്കുണ്ടായിരുന്ന ശ്രേഷ്ഠതയെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു: ഹദ്റത്ത് ജിബ്‌രീൽ (അ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: അങ്ങ് മുസ്‌ലിമീങ്ങളിൽ വച്ച് ബദ്‌രീങ്ങൾക്ക് എന്തു സ്ഥാനമാണ് നൽകുന്നത്? നബി(സ)തിരുമേനി പറഞ്ഞു: ശ്രേഷ്ഠരായ മുസ്‌ലിമീങ്ങൾ അല്ലെങ്കിൽ അതുപോലെ ഏതോ ഒരു കാര്യം പറഞ്ഞു. ജിബ്‌രീൽ പറഞ്ഞു: അതുപോലെ തന്നെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മലക്കുകളും ശ്രേഷ്ഠരാണ്.

ഇനി ഞാൻ വിവരിക്കാൻ പോകുന്ന സംഭവം ഹദ്റത്ത് അലിയെക്കുറിച്ച് വിവരിച്ചിടത്ത് പരാമർശിച്ചതാണെങ്കിലും അതിന്റെ പ്രാധാന്യം മുൻനിറുത്തി ഇവിടെയും വിവരിക്കുകയാണ്. ഉബയ്ദുല്ലാഹ് ബിൻ അബീ റാഫിഅ് പറഞ്ഞു: ഞാൻ ഹദ്റത്ത് അലിയിൽനിന്ന് കേട്ടു . നബി(സ) തിരുമേനി എന്നെയും സുബയ്റിനെയും മിഖ്ദാദ് ബിൻ അസ്‌വദിനെയും അയച്ചുകൊണ്ടു പറഞ്ഞു: 'നിങ്ങൾ പുറപ്പെട്ടുകൊള്ളുക. നിങ്ങൾ റൗളഖാഖിലെത്തുമ്പോൾ അവിടെ നിങ്ങൾക്ക് ഒരു കുതിരസവാരിക്കാരിയെ കാണാം,. അവളുടെ പക്കൽ ഒരു കത്തുണ്ട്. അത് നിങ്ങൾ വാങ്ങിക്കണം.' അങ്ങനെ ഞങ്ങൾ അവിടെ നിന്നു പുറപ്പെട്ടു. ഞങ്ങൾ കുതിരകളെ അതിശീഘ്രം ഓടിച്ച് റൗളഖാഖിലെ ത്തിയപ്പോൾ അവിടെ ഒരു സ്ത്രീ കുതിര സവാരി ചെയ്യുന്നതുകണ്ടു. ഞങ്ങൾ പറഞ്ഞു: 'കത്തെടുത്ത് തരിക.' തന്റെ കൈയിൽകത്തൊന്നുമില്ലെന്ന് അവൾ പറഞ്ഞു. ഞങ്ങൾ പറഞ്ഞു, 'നിനക്ക് കത്ത് തരേണ്ടതായി വരും. അല്ലെങ്കിൽ നിന്നെ ഞങ്ങൾ വസ്ത്രം ഊരി പരിശോധിക്കും.' അതുകേട്ടതും അവൾ തന്റെ മുടിക്കെട്ടിൽനിന്ന് ആ കത്ത് പുറത്തെടുത്തു. എന്നിട്ട് ഞങ്ങൾക്കുതന്നു. ഞങ്ങൾ ആ കത്ത് നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. അതിലിപ്രകാരം എഴുതിയിരുന്നു: ഹാത്തിബ് ബിൻ അബീ ബൽത്തഅയുടെ ഭാഗത്തുനിന്നു മക്കാ വാസികളുടെപേരിൽ. അതിലദ്ദേഹം നബി(സ)തിരുമേനിയുടെ ഏതോ നീക്കത്തെ കുറിച്ച് അവർക്ക് സൂചന നൽകുകയായിരുന്നു. നബി(സ)തിരുമേനി അയാളെ വിളിപ്പിച്ചു. എന്നിട്ടു ചോദിച്ചു. ഹാത്തിബേ!ഇതെന്താണ്? അപ്പോൾ അയാൾ പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ കാര്യത്തിൽ അങ്ങ് ധിറുതിപ്പെടാതെ. ഞാൻ ഖുറയ്ശികളിൽ കുടിയേറിപ്പാർത്തവനാണ്. അവരിൽ പെട്ടവനല്ല. അങ്ങയോടൊപ്പമുള്ള മറ്റു മുഹാജിരീങ്ങൾക്ക് മക്കയിൽ കുടുംബക്കാരുണ്ട്. അങ്ങനെ അവർ തങ്ങളുടെ വീടും കുടുംബവും സമ്പത്തും ആസ്തിയുമെല്ലാം സംരക്ഷിക്കുന്നുണ്ട്. അപ്പോൾ എനിക്കും മക്കക്കാർക്കെന്തെങ്കിലും ഉപകാരം ചെയ്യണമെന്ന് ഞാൻ കരുതി,. കാരണം അവിടെ എന്റെ കുടുംബക്കാർ ആരുമില്ല. അങ്ങനെ ചെയ്താൽ അവർ എന്റെ ഉപകാരം കാരണമായി എന്നെ വിലവെച്ചാലോ. ഞാൻ കുഫ്ർ ചെയ്യാനോ മുർതദ്ദാകാനോ അല്ല ചെയ്തത്. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം കുഫ്ർ ചെയ്യുന്നത് ഞാനൊരിക്കലും ഇഷ്ടപെടുന്നില്ല. അതായത് അദ്ദേഹം പറഞ്ഞു, ഒരാൾ സത്യഹൃദയത്തോടെ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം എങ്ങനെ കുഫ്ർ ഇഷ്ടപ്പെടാനാണ്? ഇതുകേട്ട് നബി(സ)തിരുമേനി പറഞ്ഞു: 'ഇയാൾ നിങ്ങളോടു സത്യമാണ് പറഞ്ഞത്.' ഹദ്റത്ത് ഉമർ (റ)പറഞ്ഞു, 'അല്ലയോ അല്ലാഹുവിന്റെ റസൂലേ ഈ മുനാഫിഖിന്റെ തല കൊയ്യാൻ എനിക്ക് അനുവാദം നൽകിയാലും.' നബി(സ)തിരുമേനി പറഞ്ഞു: 'അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത വ്യക്തിയാണ്. .അല്ലാഹു ബദ്‌രീങ്ങളെ എങ്ങനെയാണ് കാണുന്നതെന്ന് താങ്കൾക്കെന്തറിയാം. അവൻ പറഞ്ഞിട്ടുണ്ട്, ഇനി നിങ്ങൾ എന്തുചെയ്താലും ഞാൻ നിങ്ങളുടെ പാപങ്ങൾ മറച്ചുവെച്ചിരിക്കുന്നുവെന്ന്.'(സ്വഹീഹ് ബുഖാരി കിതാബുൽ ജിഹാദ് വസ്സയ്ർ, ബാബ് അൽജാസൂസ്, ഹദീഥ് 3007)

അതായത് ഇനി വൻപാപങ്ങളൊന്നും നിങ്ങളിൽ നിന്നുണ്ടാകുകയില്ലെന്ന്. നിങ്ങളുടെ പര്യവസാനം ശുഭകരമായിരിക്കും. കുഫ്റിന്റെ അവസ്ഥയിൽ ഇക്കൂട്ടർ മരിക്കുന്നതല്ല. അതാണ് ഇതിനർഥം. ഹദ്റത്ത് ഹാത്തിബിന്റെ വാക്കുകളിൽനിന്നു അതുതന്നെയാണ് വ്യക്തമാകുന്നത്. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇസ്‌ലാം സ്വീകരിച്ചശേഷം ആരും കുഫ്ർ ഇഷ്ടപ്പെടുന്നതല്ല.

തുടർന്ന് ഹദ്റത്ത് അബൂഹുറയ്റയിൽ നിന്നു നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ചിലപ്പോൾ അല്ലാഹു ബദ്റുകാരെ നോക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു കാണും, ഇനി നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു.'(സുനൻ അബീദാവൂദ് കിതാബുസ്സുന്ന, ബാബു ഫിൽഖുലഫാഇ ഹദീഥ് 4654)

അതായത് കുഫ്റിന്റെ അവസ്ഥയൊഴിച്ച് പൊതുവെയുള്ള തെറ്റുകളും പാപങ്ങളും അല്ലാഹു ക്ഷമിക്കുന്നതാണ്. മറ്റൊരുവാക്കിൽ അല്ലാഹു ഇവിടെ ഉറപ്പ് നൽകിയിരിക്കുന്നു. അവർക്ക് ഇനി വീണ്ടും കുഫ്റിന്റെ അവസ്ഥ ഉണ്ടാകുന്നതല്ല. അവർക്ക് ശുഭപര്യവസാനം ഉണ്ടാകുന്നതുമാണ്. അതിന്റെ മറ്റൊരർഥം ഇപ്രകാരമാണ്, ഇനി ചില തെറ്റുകുറ്റങ്ങൾ ഉണ്ടായാൽത്തന്നെയും അവ മനുഷ്യ സഹജമായി മാത്രമായിരിക്കും. അവ അല്ലാഹു മാപ്പാക്കുന്നതുമാണ്. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്ള (റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ പ്രതീക്ഷിക്കുന്നു, ബദ്റിലെയും ഹുദയ്ബിയയിലെയും യുദ്ധത്തിൽ പങ്കെടുത്ത ആരുംതന്നെ ഇൻശാഅല്ലാഹ് നരകാഗ്നിയിൽ പ്രവേശിക്കുന്നതല്ല. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! വ ഇൻ മിൻകും ഇല്ലാ വാരിദുഹാ കാന അലാ റബ്ബിക്ക ഹത്മൻ മ്മഖ്ളിയ്യ(19:72)എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ? അതായത് നിങ്ങളിലാരുംതന്നെ അതിന്റെ അരികിൽ വരുന്നവരായിട്ടല്ലാതെയില്ല. ഇതു നിന്റെ നാഥന്റെ നിർബന്ധമായി വിധിക്കപ്പെട്ട ഒരു ബാധ്യതയാണ്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ഈ വചനംകേട്ടിട്ടില്ലേ? ഥുമ്മ നുനജ്ജില്ലദീനത്തഖൗ വ്വ നദറുൽളാലിമീന ഫീഹാ ജിഥിയ്യാ(19:73)പിന്നെ നാം ദോഷബോധയെ സൂക്ഷിച്ചവരെ രക്ഷിക്കുന്നതാണ്. അധർമകാരികളെ അതിൽ മുട്ടുകുത്തി വീഴുന്നവരായി നാം ഉപേക്ഷിക്കുകയും ചെയ്യും. (സുനൻ ഇബ്നുമാജ, കിതാബുസ്സുഹ്ദ്, ബാബു ദിക്റുൽബഅ്ഥ ഹദീഥ് 4281)

ഹദ്റത്ത് ഉമറിന്റെ കാലത്ത് സ്വഹാബാക്കൾക്ക് സ്റ്റൈഫന്റ് നിശ്ചയിച്ചിരുന്നു. ആ സമയത്ത് ബദ്‌രീ സ്വഹാബാക്കളുടെ സ്റ്റൈഫന്റ് പ്രത്യേക നിലയിൽ കൂടുതലായിരുന്നു. മാത്രമല്ല ബദ്‌രീ സ്വഹാബാക്കൾത്തന്നെയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത കാരണത്താൽ അഭിമാനം കൊള്ളുമായിരുന്നു. മ്യൂർ സാഹിബ് എഴുതുന്നു: 'ഇസ്‌ലാമിക സമുദായത്തിൽ ബദ്‌രീ സ്വഹാബാക്കൾ ശ്രേഷ്ഠ വ്യക്തിത്വങ്ങളായിട്ടാണ് ഗണിക്കപ്പെടുന്നത്. സഅ്ദ് ബിൻ അബീ വഖാസ് എൺപതാം വയസ്സിൽ വഫാത്താകുമ്പോൾ അദ്ദേഹം പറയുകയുണ്ടായി, ഞാൻ ബദ്ർ ദിവസം ധരിച്ച നീളൻ കുപ്പായം എനിക്ക് കൊണ്ടുത്തരിക. അത് ഞാൻ ഇന്നത്തേക്കുവേണ്ടി സൂക്ഷിച്ച് വെച്ചതായിരുന്നു.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ബദ്റിന്റെ സമയത്ത് നിറയൗവനമുണ്ടായിരുന്ന അതെ സഅ്ദ് തന്നെയാണ് ഇത്. അദ്ദേഹത്തിന്റെ കരങ്ങളാൽ പിന്നീട് ഇറാൻ ജയിച്ചടക്കാനായി. അദ്ദേഹം കൂഫയുടെ സ്ഥാപകനും ഇറാഖിന്റെ ഗവർണറുമായി മാറി. എന്നിട്ടും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതു കൊണ്ടുള്ള ബഹുമാന ആദരങ്ങളുടെ മുമ്പിൽ ഇപ്പറഞ്ഞ എല്ലാ ആദരവുകളും അഭിമാനങ്ങളും ഒന്നുമല്ലായിരുന്നു. ബദ്ർ യുദ്ധ ദിവസം ധരിച്ച വസ്ത്രം അദ്ദേഹം തന്റെ മറ്റെല്ലാ വസ്ത്രങ്ങളെക്കാളും കൂടുതൽ ശ്രേഷ്ഠമായി കരുതിയിരുന്നു. അതെ വസ്ത്രത്തിൽ പൊതിഞ്ഞ് അദ്ദേഹത്തെ ഖബ്റിൽ കിടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ.പേജ് 373)

ബദ്രി സ്വഹാബാക്കളുടെ പ്രാധാന്യവും ശ്രേഷ്ഠതയും മനസ്സിലാക്കിത്തരാൻ നബി(സ)തിരുമേനി ഈ ഉമ്മത്തിൽ വരുന്ന മഹ്ദിയുടെ ഒരു ലക്ഷണം ഇപ്രകാരം വിവരിക്കുകയുണ്ടായി: അദ്ദേഹത്തിന്റെ പക്കൽ ഒരു ഗ്രന്ഥമുണ്ടാകും. അതിൽ ബദ്രിസ്വഹാബാക്കളുടെ എണ്ണത്തിന് തുല്യം 313 സ്വഹാബാക്കളുടെ പേരുണ്ടാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സ്വഹീഹായ ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: വാഗ്ദത്ത മഹ്ദിയുടെ അടുത്ത് ഒരു ഗോപ്യമായ ഗ്രന്ഥമുണ്ടാകും. അതിൽ അദ്ദേഹത്തിന്റെ 313 സ്വഹാബാക്കളുടെ പേര് രേഖപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ട് ആ പ്രവചനം ഇന്ന് പൂർത്തിയായിരിക്കുന്നു വെന്ന് ഇവിടെ വിവരിക്കുന്നത് അത്യാവശ്യമാണ്. ഒരു കാര്യം വ്യക്തമാണ്, കരുണചെയ്യപ്പെട്ട ഈ ഉമ്മത്തിൽ മഹ്ദി വാദം പുറപ്പെടുവിച്ചിട്ടുള്ള ഒരു വ്യക്തിയും ജനിച്ചിട്ടില്ല. അങ്ങനെ ഒരാളുടെ സമയത്തും അച്ചടി ശാലകളുണ്ടായിരുന്നില്ല. അങ്ങനെ ഒരാളുടെ കൈയിൽ 313 പേരുകളെഴുതിയ പുസ്തകവും ഉണ്ടായിട്ടില്ല. ഈ പ്രവർത്തി മനുഷ്യന്റേതായിരുന്നുവെങ്കിൽ ഒരുപാടു വ്യാജന്മാർ ഇതു പുലർന്നത് തങ്ങളിലൂടെയാണെന്ന് വാദിച്ചേനെ. എന്നാൽ, വാസ്തവത്തിൽ ഒരു വ്യാജനും പ്രയോജനമെടുക്കാൻ പറ്റാത്തവണ്ണം നിബന്ധനകൾ അനിതരസാധാരണമായ നിലയിൽ ദൈവത്തിന്റെ പ്രവചനങ്ങളിലുണ്ടായിരിക്കും. സത്യവാന്മാർക്ക് നൽകപ്പെടുന്ന സാധനസാമഗ്രികളും ഉപാധികളും ഒരു വ്യാജന് നൽകപ്പെടുന്നതുമല്ല.' തുടർന്ന് പറഞ്ഞു: ശൈഖ് അലി ഹംസ ബിൻ അലി മാലിക്കുത്ത്വൂസി ഹിജ്റ 840-ൽ രചിച്ച തന്റെ ഗ്രന്ഥമായ 'ജവാഹിറുൽ ഇസ്റാറിൽ' വാഗ്ദത്ത മഹ്ദിയെ കുറിച്ച് ഇനി പറയുന്ന ഉദ്ധരണി എഴുതിയിരിക്കുന്നു: അതിന്റെ തർജമ ഇതാണ്: 'കദ്അ എന്ന് പേരുള്ള ഗ്രാമത്തിൽനിന്ന് മഹ്ദി വരുന്നതായിരിക്കും. സത്യത്തിൽ ഈ പേര് ഖാദിയാനിന്റെതന്നെ മറ്റൊരു പേരാണ്. തുടർന്ന് പറഞ്ഞു: അല്ലാഹു ആ മഹ്ദിയെ സാക്ഷ്യപ്പെടുത്തുകയും ദൂര ദിക്കുകളിൽനിന്ന് അവനുവേണ്ടി സുഹൃത്തുക്കളെ ഒരുമിച്ച് കൂട്ടുകയും അവർ ബദ്ർ കാരുടെ എണ്ണത്തിന് തുല്യമായിരിക്കുകയും ചെയ്യും. അതായത് 313 പേരായിരിക്കും. അവരുടെ പേരും നാടും സ്വഭാവവുമൊക്കെ ഒരു ഗോപ്യമായ ഗ്രന്ഥത്തിൽ രേഖപ്പെടുന്നതാണ്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഇതിനു മുമ്പേ ആരുംതന്നെ വാഗ്ദത്ത മഹ്ദിയായി വാദിക്കുകയോ തന്റെ സുഹൃത്തുക്കളുടെ പേരുകൾ എഴുതിയ ഗോപ്യമായ ഗ്രന്ഥം കൈവശം വെക്കുകയോ ചെയ്തിട്ടില്ല.

ഇതിനുമുമ്പേ ഞാൻ ആഇനയെ കമാലാത്തെ ഇസ്‌ലാം എന്ന എന്റെ ഗ്രന്ഥത്തിൽ 313 ആളുകളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ന്യായപൂർത്തീകരണത്തിന് രണ്ടാമതും 313 പേരുകൾ രേഖപ്പെടുത്തുന്നതാണ്. അഞ്ചാമെ ആഥിം എന്ന ഗ്രന്ഥത്തിന്റെ അനുബന്ധത്തിലാണ് അദ്ദേഹം ഇപ്രകാരം പറയുന്നത്. എനിക്കുവേണ്ടി ഈ പ്രവചനവും പുലർന്നെന്ന് എല്ലാ നീതിമാന്മാരും മനസ്സിലാക്കുവിൻ. ഹദീഥിന്റെ വിവക്ഷിതപ്രകാരം ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ എല്ലാ സ്വഹാബാക്കളും സത്യപ്രകൃതരും പരിശുദ്ധാത്മാക്കളുമാണ്. അവരിൽ ചിലർ തങ്ങളുടെ പദവികളനുസരിച്ച് ദൈവാനുരാഗത്തിലും ലൗകികവിരക്തിയിലും ദീനീസേവനത്തിൽ മുഴുകുന്നതിലും മറ്റു ചിലരെ മുൻകടക്കുകയുണ്ടായി. അക്കാര്യം അല്ലാഹുവിനാണ് നന്നായിട്ടറിയുക. നബി(സ)തിരുമേനിയുടെ ഹദീഥിൽ പ്രതിപാദിക്കപ്പെട്ട പ്രവചനം ഈ 313 പേരിൽ പുലർന്നതു കാണാം. പ്രവചനത്തിൽ കദഅ എന്ന പദവുമുണ്ട്. അതു ഖാദിയാനെയാണ് സൂചിപ്പിക്കുന്നത്. ഈ ഹദീഥിലെ പ്രതിപാദ്യ വിഷയം വാഗ്ദത്ത മഹ്ദി ഖാദിയാനിൽ ജനിക്കുമെന്നും അവരുടെ പക്കൽ ഒരു ഗോപ്യമായ ഗ്രന്ഥമുണ്ടാകുമെന്നും അതിൽ 313 സുഹൃത്തുക്കളുടെപേര് രേഖപ്പെട്ടിട്ടുണ്ടാകുമെന്നും കാണാം. ഇന്നേക്ക് 1000 വർഷം മുമ്പേ ലോകത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ എന്റെ ഗ്രാമമായ ഖാദിയാനിന്റെ പേരെഴുതാൻ എനിക്കാവില്ലെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഞാൻ അച്ചടിയന്ത്രമോ അതിനെന്തെങ്കിലും ഉപകരണമോ ഉണ്ടാക്കിയിട്ടില്ല. ഇക്കാലത്ത് ഈയൊരു ഉദ്ദേശ്യത്തിന് ഞാനത് കണ്ടുപിടിച്ചതാണെന്ന് ആർക്കും കരുതാനുമാകില്ല. പ്രസ്സിന്റെ കണ്ടുപിടിത്തം എന്റേതല്ല. 313 ആത്മാർഥരായ സ്നേഹിതന്മാരെ ഉണ്ടാക്കുന്നതും എന്റെ കഴിവിൽപ്പെട്ടതല്ല. പ്രത്യുത ഈ എല്ലാ മാർഗോപാധികളും തന്റെ റസൂലിന്റെ പ്രവചനം പൂർത്തിയാക്കുന്നതിനുവേണ്ടി അല്ലാഹു തന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത്.

ബദ്ർയുദ്ധവിവരണത്തിൽ നബി(സ)തിരുമേനിയും ഹദ്റത്ത് മൂസാ(അ)യും തമ്മിലുള്ള സാദൃശ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:ബനൂഇസ്റായീല്യരെപ്പോലെ അല്ലാഹുവിന്റെ സത്യദാസർ വിശുദ്ധ മക്കയിൽ 13 വർഷക്കാലം അവിശ്വാസികൾ കാരണത്താൽ വൻദുരിതമാണ് അനുഭവിച്ചത്. ഫിർഔൻ ബനീ ഇസ്റായീല്യർക്കു വരുത്തിയ പ്രയാസത്തെക്കാൾ എത്രയോ കഠിനതരമായിരുന്നു ആ പ്രയാസങ്ങൾ. അവസാനം ആ മഹാനവർകൾ ദൈവത്തിന്റെ പുണ്യദാസന്മാരോടൊപ്പം ദൈവേച്ഛ പ്രകാരം മക്കയിൽനിന്ന് ഓടിപ്പോയി. ബനൂഇസ്റായീല്യർ ഈജിപ്തിൽനിന്ന് ഓടിയതിനു സമാനമായിരുന്നു അത്. തുടർന്ന് മക്കക്കാർ അവരെ വധിക്കാൻ പിറകെ കൂടി. ഫിർഔനിന്റെ ഭാഗത്തുനിന്നും ബനൂഇസ്റായാലിനെ വധിക്കാൻ നടന്ന പിന്തുടരലിനു സമാനമായിരുന്നു അത്. അവസാനം ആ പിന്തുടർച്ചയുടെ പര്യവസാനമെന്ന നിലയിൽ അവർ ബദ്ർ മൈതാനത്തുവച്ച് നശിപ്പിക്കപ്പെട്ടു. ഫിർഔനും സൈന്യവും നൈൽനദിയിൽ നശിപ്പിക്കപ്പെട്ടതിനു സമാനമായിരുന്നു അത്. ഈ രഹസ്യം വെളിപ്പെടുത്തുന്നതിനാണ് നബി(സ) തിരുമേനി അബൂജഹ്ലിന്റെ മൃതദേഹം ബദ്റിലെ മറ്റു ശവങ്ങൾക്കിടയിൽ കണ്ടപ്പോൾ അത് ഈ സമുദായത്തിലെ ഫിർഔനാണെന്ന് പറഞ്ഞത്. അതുകൊണ്ട് ഏതുപോലെ ഫിർഔനും സൈന്യവും നൈൽനദിയിൽ നശിപ്പിക്കപ്പെടുമെന്നത് പ്രത്യക്ഷവും അനുഭവവേദ്യവുമാണോ അതായത് കാണാനും അനുഭവിക്കാനും സാധിക്കുന്നതാണോ അതു സംഭവിച്ച കാര്യത്തിൽ ആർക്കും എതിർ അഭിപ്രായത്തിന് വകയില്ലയോ അതുപോലെതന്നെ അബൂജഹ്ലും സൈന്യവും പിന്തുടർന്നപ്പോൾ ബദ്ർ യുദ്ധത്തിൽ അവർ കൊല്ലപ്പെടുമെന്നത് പ്രത്യക്ഷവും അനുഭവവേദ്യവുമായിരുന്നു. അതിനെ നിഷേധിക്കുന്നത് വിഡ്ഢിത്തവും ഭ്രാന്തത്വവുമാണ്.......ആ ഇസ്റാഈല്യരെ അതായത് അല്ലാഹുവിന്റെ ദാസരെ, നമ്മുടെ സയ്യിദും മൗലായും മക്കക്കാരുടെ അക്രമത്തിൽനിന്ന് മോചിപ്പിച്ചു. അവർ ബദ്ർ സംഭവത്തിനുശേഷം ബനീഇസ്റായീല്യർ നൈൽനദിയുടെ തലപ്പത്ത് പാടിയിരുന്നതുപോലെ ബദ്ർ മൈതാനത്ത് പാടിയ അറബി പാട്ട് ഇപ്പോഴും ഗ്രന്ഥങ്ങളിൽ സുരക്ഷിതമായിരിക്കുന്നു.'(അയ്യാമുസ്സുൽഹ്, റൂഹാനീഖസാഇൻ വാല്യം 14, പേജ് 290-291)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'തൗറാത്തിലെ ആവർത്തന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള പ്രതിപുരുഷനാണ് ദൈവസഹായം ലഭിക്കുന്ന ആ നബി. അദ്ദേഹം തന്റെ ജമാഅത്തിനോടൊപ്പം 13 വർഷം നിരന്തരം ദുരിതമനുഭവിച്ച് എല്ലാത്തരം പ്രയാസങ്ങളും നേരിട്ടശേഷം അവസാനം തന്റെ ജമാഅത്തിനോടൊപ്പം ഓടിപ്പോയി. അവരെ ശത്രുക്കൾ പിന്തുടർന്നു. അവസാനം ബദ്ർ യുദ്ധത്തിൽ ഏതാനും മണിക്കൂറുകൾക്കകം തീരുമാനമാകുകയും ചെയ്തു. അബൂജഹ്ലും സൈന്യവും വാൾപ്രയോഗത്താൽ വെട്ടിവീഴ്ത്തപ്പെട്ടു. നൈൽനദിയുടെ ഒഴുക്കിൽ ഫിർഔനിന്റേയും സൈന്യത്തിന്റേയും കഥ കഴിഞ്ഞതുപോലെത്തന്നെ! നോക്കൂ എത്രവ്യക്തമായും പ്രത്യക്ഷമായും അനുഭവവേദ്യവുമായാണ് ഈ രണ്ടു സംഭവങ്ങളും ഈജിപ്തിലും മക്കയിലും നൈൽനദിയിലും ബദ്ർ മൈതാനത്തും നടന്നത്. അവ രണ്ടും പരസ്പരം സാദൃശ്യം പുലർത്തുന്നു!'(അയ്യാമുസ്സുൽഹ്, റൂഹാനീഖസാഇൻ വാല്യം 14, പേജ് 292)

വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടിരിക്കുന്നു: വലഖദ് നസ്വറക്കുമുല്ലാഹു ബി ബദ്രിൻ വ്വ അൻതും അദില്ലത്തുൻ(3:124)നിങ്ങൾ ഇതിനുമുമ്പേ ബലഹീനരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥമായ ഖുത്ബ ഇൽഹാമിയായിൽ ബദ്റിന്റേയും പതിനാലാം നൂറ്റാണ്ടിന്റേയും സൂക്ഷ്മമായ സാദൃശ്യത്തെ കുറിച്ച് ഇപ്രകാരം പറയുന്നു:അതിന്റെ ഉർദു തർജമയിൽ നിന്നുമാണ് കേൾപ്പിക്കുന്നത്. നാന്നൂറ് എന്ന കാലഗണന ഖാത്തമുന്നബിയ്യിനീന്റെ ഹിജ്റത്തിനു ശേഷമുള്ളതാണ്. അപ്രകാരം കിതാബുൽമുബീനിൽ(വിശുദ്ധ ഖുർആൻ)വാഗ്ദാനം ചെയ്തതു പ്രകാരം ദീനിനു വിജയം ലഭിക്കുന്നത് പൂർത്തിയാകാനാണത്. അതായത് അല്ലാഹു പറഞ്ഞു: വലഖദ് നസ്വറക്കുമുല്ലാഹു ബി ബദ്രിൻ വ്വ അൻതും അദില്ലത്തുൻ(3:124)നിങ്ങൾ ഇതിനുമുമ്പേ ബലഹീനരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതുകൊണ്ട് കാഴ്ചയുള്ളവരെപ്പോലെ ഈ ആയത്തിൽ കണ്ണോടിക്കുവിൻ. കാരണം ഈ ആയത്ത് നിശ്ചയമായും രണ്ടു ബദ്റിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആദ്യത്തേത് മുമ്പേയുള്ളവരുടെ സഹായത്തിന് കഴിഞ്ഞ ബദ്റാണ്. രണ്ടാമത്തേത് പിൽക്കാലത്തുള്ളവർക്ക് ദൃഷ്ടാന്തമെന്ന വണ്ണവും. നിസംശയം വരുംകാലത്തേക്കുള്ള ഒരു സൂക്ഷ്മമായ സൂചനയാണ് ഈ ആയത്ത് നല്കുന്നത്. അത് കാലഗ ണനപ്രകാരം ബദ്ർ(പതിനാലാം രാവിലെ ചന്ദ്രൻ)ന് സദൃശ്യമാകും. ആ നാന്നൂറ് വർഷം ആയിരം വർഷത്തിനു ശേഷമാണുണ്ടാകുക. ദൈവസമക്ഷം അതാണ് ആലങ്കാരിക രൂപത്തിൽ ബദ്ർ രാവ്. ഇതെല്ലാമായിട്ടും നാം ഒരു കാര്യം അംഗീകരിക്കുന്നു. ഈ ആയത്തിന് മറ്റ് അർഥങ്ങളുമുണ്ട്. അത് മുൻകാലങ്ങളുമായി ബന്ധമുള്ളതാണ്. രണ്ടാമത്തെ ബദ്ർ പിൽക്കാലവുമായും ബന്ധപ്പെട്ടിരിക്കുന്നു. അപ്പോൾ മുസ്ലിമീങ്ങൾക്ക് അപമാനം പേറേണ്ടിവരും. ഇക്കാലത്ത് കാണാനാകുന്നതും അതാണ്. ഇസ്‌ലാം

ഹിലാൽ(പിറവി ചന്ദ്രനെപ്പോലെ തുടങ്ങി ദൈവകൽപനയാൽ പരിണാമസ്വരൂപം അവസാനകാലത്ത്)ബദ്ർ(പൂർണചന്ദ്രനാകുമെന്നത്)വിധിക്കപ്പെട്ടതായിരുന്നു. ഇസ്‌ലാം ഈ നൂറ്റാണ്ടിൽ ബദ്റിന്റെ രൂപം പ്രാപിക്കണമെന്നും കാലഗണന പ്രകാരം ബദ്റിന് (പതിനാലാം രാവിന്)സമാനമാകണമെന്നും ദൈവയുക്തി ആഗ്രഹിച്ചു. ചുരുക്കത്തിൽ വലഖദ് നസ്വറക്കുമുല്ലാഹു ബി ബദ്‌രിൻ എന്ന ആയത്തിൽ ഈ വിവക്ഷതയിലേക്കാണ് സൂചനയുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ സൂക്ഷ്മദൃഷ്ട്യാ വിചിന്തനം ചെയ്യുവിൻ. അലംഭാവം വെടിയുവിൻ. നിശ്ചയമായും ഇവിടെ യൻസ്വുറുക്കും എന്ന അർഥത്തിലാണ് ഇവിടെ നസ്വറക്കും എന്ന പദം വന്നിട്ടുള്ളത്. ഇക്കാര്യം ആത്മജ്ഞാനികൾക്ക് സ്പഷ്ടമാണ്. ചുരുക്കത്തിൽ അല്ലാഹു ഇസ്‌ലാമിന് രണ്ട് അവമതികൾക്കുശേഷം ബഹുമതികൾ വെച്ചിട്ടുണ്ട്. യഹൂദികൾക്ക് നേരെ തിരിച്ചായിരുന്നു. അവർക്ക് ശിക്ഷയെന്നോണം രണ്ടു ബഹുമതികൾക്കുശേഷം രണ്ടു അവമതികൾ വെച്ചിരുന്നു. ബനീ ഇസ്റായീൽ അധ്യായത്തിൽ ഈ അതിക്രമകാരികളുടേയും ധിക്കാരികളുടേയും കഥ നിങ്ങൾ വായിക്കുന്നതല്ലേ? മക്കയിൽവച്ച് മുസ്‌ലിമീങ്ങൾക്ക് ആദ്യ അപമാനം ലഭിച്ചപ്പോൾ അല്ലാഹു അവരോടു തന്റെ വാക്കുകളാൽ ഇപ്രകാരം വാഗ്ദാനം ചെയ്തു: ഉദിന ലില്ലദീന യുഖാത്തലൂന ബിഅന്നഹും ളുലിമൂ വ ഇന്നല്ലാഹ അലാ നസ്‌രിഹിം ല ഖദീർ(22:40)യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ)അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു.(22:40) ഈ വചനത്തിൽ വിശ്വാസികളുടെ കരങ്ങളാൽ അവിശ്വാസികൾക്ക് ശിക്ഷ ഇറങ്ങുമെന്ന സൂചനയാണുള്ളത്. അല്ലാഹുവിന്റെ ഈ വാഗ്ദാനം ബദ്ർ ദിവസം പ്രകടമായി. മുസ്‌ലിമീങ്ങളുടെ തിളക്കമാർന്ന വാളുകളാൽ കാഫിരീങ്ങൾ വധിക്കപ്പെട്ടു.

തുടർന്ന് അദ്ദേഹം പറയുന്നു:ഇപ്പോൾ ഈ 14-ാം നൂറ്റാണ്ടിലും ബദ്റിന്റെ അവസ്ഥ പോലെയുള്ള അവസ്ഥയാണുണ്ടാകുന്നത്. അതിനെക്കുറിച്ച് അല്ലാഹു പറയുന്നു:വലഖദ് നസ്വറക്കുമുല്ലാഹു ബി ബദ്‌രിൻ വ്വ അൻതും അദില്ലത്തുൻ(3:124)നിങ്ങൾ ഇതിനുമുമ്പേ ബലഹീനരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഈ ആയത്തും യഥാർഥത്തിൽ ഒരുപ്രവചനമുൾക്കൊള്ളുന്നുണ്ട്. അതായത് 14-ാം നൂറ്റാണ്ടിൽ ഇസ്‌ലാം ദുർബലവും ക്ഷയോന്മുഖവുമാകുമ്പോൾ അല്ലാഹു തന്റെ സംരക്ഷണ വാഗ്ദാനമനുസരിച്ച് അതിനെ സഹായിക്കുന്നതായിരിക്കും. അദ്ദേഹം പറയുന്നു:സ്വഹാബത്തിന് ബദ്റിൽ ദൈവസഹായം ലഭിച്ചു. പിന്നീടു പറഞ്ഞു:നിങ്ങൾ ന്യൂനപക്ഷമായിരുന്നപ്പോഴാണ് ഈ സഹായം ലഭിച്ചത്. ആ ബദ്റിൽ കുഫ്റിന് അന്ത്യം കുറിച്ചു. ബദ്റിലെ അത്തരം മഹത്തരമായ ദൃഷ്ടാന്ത പ്രകടനത്തിൽ ഭാവിയിലേക്കുള്ള വാർത്തയുമുണ്ട്. ബദ്ർ എന്നത് 14-ാം രാവിലെ ചന്ദ്രനാണ് പറയുന്നത്. ഇവിടെ 14-ാം നൂറ്റാണ്ടിൽ അല്ലാഹുവിന്റെ സഹായം വെളിപ്പെടുമെന്ന സൂചനയുണ്ട്. ഈ 14-ാം നൂറ്റാണ്ടിനെ കുറിച്ച് സ്ത്രീകൾപോലും പറയാറുണ്ടായിരുന്നു 14-ാം നൂറ്റാണ്ട് അനുഗ്രഹപൂർണമായ നൂറ്റാണ്ടായിരിക്കുമെന്ന്. ദൈവവചനങ്ങൾ സാക്ഷാൽകൃതമായി. 14-ാം നൂറ്റാണ്ടിൽ ദൈവനിശ്ചയപ്രകാരം അഹ്മദ് എന്ന അഭിധാനത്തിന്റെ പ്രകടനമുണ്ടായി. അത് ഞാനാകുന്നു!അദ്ദേഹം തന്നെക്കുറിച്ച് പറയുന്നു:അഹ്മദ് എന്ന നാമം വെളിപ്പെട്ടു. അത് ഞാനാകുന്നു. അതെക്കുറിച്ച് ഈ ബദ്ർ സംഭവത്തിൽ പ്രവചനമുണ്ടായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന് സലാം പറയുകയുണ്ടായി. എന്നാൽ, അഹോ കഷ്ടം!ആ ദിവസം വന്നണഞ്ഞപ്പോൾ 14-ാം രാവിലെ ചന്ദ്രൻ വെളിപ്പെട്ടപ്പോൾ അദ്ദേഹം കച്ചവടക്കാരനെന്നും സ്വാർഥനെന്നും പറയപ്പെട്ടു. കണ്ടിട്ടും കാണാത്തവരുടെ കാര്യം കഷ്ടംതന്നെ. ആ സമയത്തുണ്ടായിട്ടും അവർ തിരിച്ചറിഞ്ഞില്ല. 14-ാം നൂറ്റാണ്ടിൽ ഇങ്ങനെ സംഭവിക്കുമെന്ന് മിമ്പറുകളിൽ കയറി കരഞ്ഞുവിലപിച്ചവർ മരിച്ചുപോയി. മിമ്പറുകളിൽ കയറി കള്ളവാദിയെന്നു പറയുന്നവർ മാത്രം ബാക്കിയായി. ഇവർക്കെന്തുപറ്റി? ഇവർക്കെന്തുകൊണ്ടാണ് കാണാനാകാത്തത്? എന്തുകൊണ്ടാണ് മനസ്സിലാകാത്തത്. ഈ സമയത്തും അല്ലാഹു ബദ്റിൽ തന്നെ സഹായിച്ചു. ആ സഹായം അളില്ലത്തുൻ എന്നതിന്റെ സഹായമായിരുന്നു. ആ നേരത്ത് 313 പേർ മാത്രമായിരുന്നു ഗോദയിലിറങ്ങിയത്. അവർക്ക് ഒട്ടാകെ രണ്ടോമൂന്നോ വടിവാളുകളാണുണ്ടായിരുന്നത്. ആ 313-ൽ മിക്കവരും ചെറുപ്രായക്കാരായിരുന്നു. അതിലും വലിയദൗർബല്യാവസ്ഥ എന്തുണ്ടാകാനാണ്? മറുഭാഗത്ത് ഒരു ശക്തമായ സംഘമായിരുന്നു. അവരെല്ലാവരും തിരഞ്ഞെടുക്കപ്പെട്ടവരും യുദ്ധനിപുണരും ശക്തരായ യുവാക്കളുമായിരുന്നു. നബി(സ)തിരുമേനിയുടെ പക്കൽ ബാഹ്യമായി നോക്കുമ്പോൾ ഒന്നുമുണ്ടായിരുന്നില്ല. ആ സന്ദർഭത്തിൽ നബി(സ)തിരുമേനി തന്റെ ഭാഗത്തുനിന്ന് ഇപ്രകാരം ദുആ ചെയ്തു:അല്ലാഹുമ്മ ഇൻ അഹ്‌ലക്‌ത ഹാദിഹിൽ യിസ്വാബത്ത ലൻതുഅ്ബദ ഫിൽഅർളി അബദൻ അല്ലാഹുവേ! ഇന്ന് നീ ഈ ജമാഅത്തിനെ നശിപ്പിച്ചാൽ പിന്നെ നിന്നെ ആരാധിക്കുന്നവരാരുമുണ്ടാകുകയില്ല. കേൾക്കുക! ഞാനും പറയുന്നതിപ്രകാരം തന്നെയാണ്. ഇന്നുള്ളത് ആ ബദ്ർ സംഭവത്തിന്റെ സാഹചര്യമാണ്. അല്ലാഹു അതേ പ്രകാരത്തിൽ ഒരു ജമാഅത്ത് തയ്യാറാക്കുകയാണ്. അതേ ബദ്റും, അദില്ലത്തുൻ എന്ന പദവും നിലവിലുണ്ട്.(മൽഫൂദാത്ത് വാള്യം 2, പേജ് 190-191, 1984 പതിപ്പ് )

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:14 എന്ന സംഖ്യയ്ക്കും വലിയ ബന്ധമുണ്ട്. 14-ാം രാവിലെ ചന്ദ്രൻ പൂർണമായിരിക്കും. അതിലേക്കാണ് അല്ലാഹു വലഖദ് നസ്വറക്കുമുല്ലാഹു ബി ബദ്‌രിൻ വ്വ അൻതും അദില്ലത്തുൻ(3:124)നിങ്ങൾ ഇതിനുമുമ്പേ ബലഹീനരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട് എന്ന് സൂചിപ്പിച്ചിരിക്കുന്നത്. നബി(സ)തിരുമേനി ശത്രുക്കൾക്കുമേൽ വിജയം നേടിയതാണ് ഒരു ബദ്ർ. അപ്പോൾ നബി(സ)തിരുമേനിയുടെ ജമാഅത്ത് ന്യൂനപക്ഷമായിരുന്നു. അതാണ് ഒരു ബദ്ർ.(മൽഫൂദാത്ത് വാള്യം4, പേജ് 12, 1984 പതിപ്പ്) അതായത് അദ്ദേഹത്തിന്റെ കാലഘട്ടം.

'ബദ്ർ യുദ്ധത്തിന്റെ വൃത്താന്തം മറക്കരുത്'എന്ന ഇൽഹാമിനെ സംബന്ധിച്ച് ഹദ്റത്ത് ഖാളീ അബ്ദുർറഹീം സാഹിബ്(റ)1904 ഫെബ്രുവരി 17ലെ ഡയറിയിൽ എഴുതുന്നു: 'ഇന്ന് രാത്രി ഹദ്റത്ത് സ്വപ്നം വിവരിച്ചു. ആരോ പറഞ്ഞു, അവിടന്ന് പറയുന്നു: ബദ്ർ യുദ്ധത്തിന്റെ വൃത്താന്തം മറക്കണ്ട. (തദ്ക്കിറ പേജ് 668, നാലാം പതിപ്പ് 2004)

അല്ലാഹു നമ്മളിൽ പ്രത്യേകമായ നിലയിൽ ബദ്റിന്റെ പ്രാധാന്യത്തിന്റെ ഗ്രാഹ്യം ഉണ്ടാക്കുമാറാകട്ടെ. നമ്മൾ നബി(സ)തിരുമേനിയുടെ സേവകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം മനസ്സിലാക്കുന്നവരാകട്ടെ. മുസ്‌ലിം ഉമ്മത്തും ഈ ബദ്ർ സംഭവത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും നബി(സ)തിരുമേനിയുടെ സേവകനായിവന്ന മസീഹ് മൗഊദിനെ തിരിച്ചറിയുന്നവരായി തീരുകയും ചെയ്യുമാറാകട്ടെ;മുസ്‌ലിമീങ്ങൾ തങ്ങളുടെ കളഞ്ഞുപോയ മഹത്ത്വം കരസ്ഥമാക്കാൻ കഴിവുള്ളവരായിത്തീരാൻ!

ഇനി ഞാൻ ജൽസാസാലനയെ കുറിച്ച് അൽപംചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ഇൻശാ അല്ലാഹ്! അടുത്ത ജുമുഅ മുതൽ യു.കെ.അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ജൽസാസാലാന ആരംഭിക്കുന്നതായിരിക്കും. ഈ വർഷം ഇൻശാഅല്ലാഹ് ഏതാണ്ട് മൂന്നാലു വർഷങ്ങൾക്കുശേഷമാണ് അന്യരാജ്യങ്ങളിൽനിന്ന് വലിയ തോതിൽ അതിഥികൾ പങ്കെടുക്കുന്നത്. അതിഥികളുടെ ആഗമനം തുടങ്ങിയിട്ടുമുണ്ട്. അല്ലാഹു ഈ ജൽസയ്ക്കുവേണ്ടി യാത്ര ചെയ്യുന്ന എല്ലാവർക്കും എളുപ്പമുണ്ടാക്കുമാറാകട്ടെ. ഇവിടെ സുരക്ഷിതമായി അവർ എത്തുമാറാകട്ടെ. ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്ന് യഥാവിധം ഫലമെടുക്കുമാറാകട്ടെ. അതുപോലെതന്നെ യു.കെ നിവാസികളായ അഹ്മദികളും യഥാർഥ ആവേശത്തോടും ആത്മാവോടുംകൂടി ജൽസയിൽ പങ്കെടുക്കുമാറാകട്ടെ. ഈയൊരു കാര്യംമാത്രം എപ്പോഴും അവരുടെ കൺമുമ്പിൽ നില്ക്കുമാറാകട്ടെ. നമ്മൾ ജൽസയുടെ ദിവസങ്ങളിൽ ലഭ്യമാകുന്ന ആത്മീയഭക്ഷണം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ ജൽസയുടെ വിവിധ ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെട്ട എല്ലാ പ്രവർത്തകരും ജൽസയിൽ പങ്കെടുക്കുന്നവരെയെല്ലാം ഹദ്റത്ത് മസീഹ് മൗഉദ്(അ)ന്റെ അതിഥികളെന്ന് മനസ്സിലാക്കി സേവിക്കാൻ ശ്രമിക്കേണ്ടതാണ്.

ഇത്തവണ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ വളരെയധികം വർധനയാണ് പ്രതീക്ഷിക്കുന്നത്. അക്കാരണത്താൽത്തന്നെ ചിലയിടങ്ങളിൽ സംഘാടകതലത്തിൽ കുറച്ചു പോരായ്മകളുണ്ടായെന്നും വരാം. എനിക്കു വളരെ നല്ല പ്രതീക്ഷയാണുള്ളത്. മാശാഅല്ലാഹ് യു.കെ. ജമാഅത്തിലെ സംഘാടകർ ഇതിനകം നല്ല പരിചയസമ്പത്ത് കിട്ടിയിട്ടുള്ളവരാണ്. മിക്ക പ്രശ്നങ്ങളും അവർ മുൻകൂട്ടി പരിഹരിച്ചിട്ടുമുണ്ടാകാം. ഇനിയെന്തെങ്കിലും കുറവുകളുണ്ടായാലും വല്ല പ്രശ്നങ്ങളുണ്ടായാലും അതു വളരെ നിസ്സാരമായിരിക്കും. അത് ഇവർ വളരെ നല്ലനിലയിൽ പരിഹരിക്കുകയും

(ശേഷം പേജ് 8 ൽ)

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

# പ്രസ്സ് റിലീസ് 2023 ജൂലായ്26

**താനിഷ്ടപ്പെട്ട ഏതു മതത്തേയും വിശ്വസിക്കുക എന്നത് ഓരോ മനുഷ്യന്റേയും അടിസ്ഥാനപരമായ അവകാശമാണ്. ഏതെങ്കിലും സംഘനയ്ക്കോ സ്ഥാപനത്തിനോ ആ അടിസ്ഥാനപരമായ അവകാശം ഇല്ലാതാക്കാൻ സാധ്യമല്ല.**

**മിനിസ്റ്ററി ഓഫ് മൈനോരിറ്റി അഫയേഴ്സ് (കേന്ദ്രസർക്കാർ ന്യൂനപക്ഷകാര്യ മന്ത്രാലയം)ഇതുസംബന്ധമായി ജമാഅത്തിന്റെ പരാതിയിൽ ഉടനടി നടപടി കൈക്കൊള്ളുകയുണ്ടായി. അഹ്മദികൾക്കെതിരിലുള്ള ഈ തീരുമാനം നിയമവിരുദ്ധവും ഭരണാഘടനാലംഘനവുമാണെന്ന് പ്രഖ്യാപിച്ചു. അതിന് അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത്, ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു.**

ഇന്ത്യയിലെ ഒരു സംസ്ഥാനത്തെ വഖ്ഫ് ബോർഡ് ഒരു മുസ്‌ലിം സംഘടനയുടെ ഫത്‌വയുടെ അടിസ്ഥാനത്തിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ അമുസ്‌ലിമായി പ്രഖ്യപിച്ചിരുന്നു. മിനിസ്റ്ററി ഓഫ് മൈനോരിറ്റി അഫയേഴ്സ് (കേന്ദ്രസർക്കാർ ന്യൂനപക്ഷകാര്യ മന്ത്രാലയം)ഇതുസംബന്ധമായി ജമാഅത്തിന്റെ പരാതിയിൽ ഉടനടി നടപടി സ്വീകരിക്കുകയുണ്ടായി. അഹ്മദികൾക്കെതിരിലുള്ള ഈ തീരുമാനം നിയമവിരുദ്ധവും ഭരണാഘടനാലംഘനവുമാണെന്ന് പ്രഖ്യാപിച്ചു. അതിന് അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത്, ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു.

നമ്മുടെ രാജ്യമായ ഭാരതം ഒരു ജനാധിപത്യരാജ്യമാണ്. ഈ രാജ്യത്തിന്റെ പ്രത്യേകത ഇവിടെ വിവിധവിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരും വിവിധമതങ്ങളുമായി ബന്ധപ്പെട്ടവരും പരസ്പരം സ്നേഹത്തോടും സഹവർത്തിത്വത്തോടും കൂടി ജീവിക്കുന്നുവെന്നതാണ്. ഇൻഡ്യൻ ഭരണഘടന അനുസരിച്ച് ഓരോ മനുഷ്യനും ഏതു മതത്തിൽ വിശ്വസിക്കാനും അവകാശമുണ്ട്. ഇങ്ങനെയായിട്ടും ചില മുസ്‌ലിം സംഘടനകളും വഖ്ഫുബോർഡും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ അവകാശങ്ങളെ ധ്വംസിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.

ഇതു കേവലം രാജ്യത്തിന്റെ സമാധാനപരമായ അന്തരീക്ഷത്തിൽ വിള്ളലുണ്ടാക്കാനും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്നെതിരിൽ ആളുകളെ പ്രകോപിതരാക്കാനും ഇളക്കിവിടാനുമുള്ള ശ്രമമാണ്.

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന് മുസ്‌ലിമിന്റെ സ്വീകാരാർഹവും കർമപരവുമായ നിർവചനം വിശുദ്ധ ഖുർആൻകൊണ്ട് ഖണ്ഡിതമായ നിലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതോ നബി(സ)തിരുമേനിയിൽനിന്ന് ഖണ്ഡിതമായും നിർവചിക്കപ്പെട്ടിട്ടുള്ളതോ ഖുലഫാഉർറാശിദുകളുടെ കാലഘട്ടത്തിൽ അതനുസരിച്ച് പ്രവർത്തിച്ചിട്ടുള്ളതായി സ്ഥാപിതമായിട്ടുള്ളതോ ആണ്. ഇസ്‌ലാമിന്റെ സ്ഥാപകർ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)പറയുന്നു:'ഇസ്‌ലാം എന്നത്, ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന് സാക്ഷ്യം പറയുകയും ഇപ്രകാരംതന്നെ നമസ്കരിക്കുകയും സക്കാത്തുകൊടുക്കുകയും റമളാൻമാസത്തിൽ നോമ്പുനോക്കുകയും കഴിവുണ്ടെങ്കിൽ ബയ്ത്തുല്ലായിൽപോയി ഹജ്ജുചെയ്യുകയുമാണ്.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ബാബു ബയാനുൽഈമാൻ വൽഇസ്‌ലാം)

അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഭാരത് ആത്മാർഥമായി ഇസ്‌ലാമിന്റെ ഈ അടിസ്ഥാനപരമായ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു. ഈ ജമാഅത്ത് സമാധാനനിർഭരവും രാജ്യനിയമങ്ങളെ കൃത്യമായും പാലിക്കുന്നതുമായ ജമാഅത്താണ്. അത് അതിന്റെ പരോപകാരപ്രദവും ക്ഷേമകരവും സമാധാനസ്ഥാപനപരവുമായ പ്രവർത്തനങ്ങളാൽ രാജ്യമുഴുവൻ പ്രസിദ്ധമാണ്.

അഹ്മദികളെ സംബന്ധിച്ച് മൗലവിമാർ, അഹ്മദികൾ ഇസ്‌ലാം മതസ്ഥാപകരായ മുഹമ്മദുനബിയെ വിശ്വസിക്കാത്തവരാണെന്നും അവരുടെ കലിമ വേറെയാണെന്നും കള്ളപ്രചാരണം നടത്തുന്നുണ്ട്. ഇതെല്ലാം കള്ളക്കഥകളും വ്യാജാരോപണങ്ങളുമാണ്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാംമതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)ഖാത്തമുന്നബിയ്യീനാണെന്ന് വിശ്വസിക്കുന്നു. അവിടത്തെ അഭിമാനത്തിനുവേണ്ടി എന്തുത്യാഗവും ചെയ്യാൻ ഒരു മടിയും കാണിക്കുന്നില്ല. നമ്മുടെ കലിമയും അവരുടെ കലിമയായ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് തന്നെയാണ്. വിശുദ്ധ ഖുർആൻ സമ്പൂർണവും അവസാനത്തേതുമായ ഗ്രന്ഥമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാ ഓരോ അഹ്മദിയും ഇസ്‌ലാം കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ഈമാൻകാര്യങ്ങളിൽ ദൃഢഗാഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

ഇന്ത്യാ ഗവൺമെന്റ് 2011 ലെ കാനേഷുമാരി റിപ്പോർട്ടിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ ഇസ്‌ലാമിലെ ഒരു കക്ഷി എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ട്.

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ അമുസ്‌ലിം എന്നു പറയാൻ ആർക്കും അവകാശമില്ല. ഇതൊരു നിയമവിരുദ്ധവും മതവിരുദ്ധവുമായ പ്രവൃത്തിയാണ്. ജമാഅത്തിലെ അംഗങ്ങളെ സാമൂഹികപരമായ നിലയിൽ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുക എന്നത് രാജ്യത്തിലെ ജനങ്ങളുടെ ഐക്യം തകർക്കുന്നതിനും സമാധാനാന്തരീക്ഷം വഷളാക്കുന്നതിനും കാരണമാകുന്നതാണ്.

സോഷ്യൽമീഡിയായിൽ അഹ്മദികൾക്കെതിരിൽ പരസ്യമായി ബഹിഷ്കരണം പ്രഖ്യാപിക്കുകയും പ്രസ്സ് റിലീസ് പുറത്തിറക്കുകയും ചെയ്യുന്നത് രാജ്യത്ത് വിദ്വേഷം പരത്തുകയും കലഹങ്ങളും ലഹളകളുമുണ്ടാക്കുകയും ഭാരതീയരുടെ ഐക്യം തകർക്കുകയും ചെയ്യുന്നതിന് കാരണമായേക്കാം. സമാധാനഭംഗമുണ്ടാക്കുന്ന ഇത്തരം കാര്യങ്ങൾ തുടക്കത്തിൽത്തന്നെ തടയുന്നതിന് സർക്കാർ എത്രയുംവേഗം നടപടി കൈക്കൊള്ളേണ്ടതാണ്. അഹ്മദിയ്യ ജമാഅത്ത് ഇതിന് സർക്കാറിന് നന്ദി പറഞ്ഞു കൊള്ളുന്നു.

കെ.ത്വാരിഖ് അഹ്മദ്

ഇൻചാർജ് പ്രസ്സ് & മീഡിയ,
അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഇന്ത്യാ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

(പേജ് 6 ൽനിന്ന്)

ചെയ്യും. അതിഥികൾക്കെന്തെങ്കിലും തരത്തിലുള്ള പ്രയാസമുളവാക്കുന്ന പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ അല്ലാഹു സഹായിക്കുമാറാകട്ടെ. ഇസ്‌ലാം അതിഥികളെ ആദരിക്കാൻ ഉപദേശിക്കുന്നു. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ക്ഷണം സ്വീകരിച്ച് മതപരമായ ഉദ്ദേശ്യത്താൽമാത്രം വരുന്ന അതിഥികളെ എല്ലാ ഡ്യൂട്ടിക്കാരും ആതിഥേയരും പ്രത്യേകമായും ബഹുമാനിക്കുകയും സേവിക്കുകയും വേണ്ടതാണ്. ത്യാഗമനോഭാവത്തോടും ദൈവപ്രീതികാംക്ഷിച്ചുംവേണം സേവിക്കേണ്ടത്. അതിഥികൾക്ക് ആതിഥ്യമരുളുന്നതിനെ കുറിച്ചുള്ള ഇസ്‌ലാമികാധ്യാപനത്തേയും നബി(സ)തിരുമേനിയുടെ അതിഥി സേവനത്തെ കുറിച്ചുള്ള പ്രതീക്ഷകളെ കുറിച്ചും ഒരു അവസരത്തിൽ ഇപ്രകാരം പറഞ്ഞു: അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ തങ്ങളുടെ അതിഥികളെ ബഹുമാനിക്കട്ടെ.(സ്വഹീഹുൽബുഖാരി, കിതാബുൽ അദബ്, ബാബു ഇക്റാമുൽളളയ്ഫ്, ഹദീഥ് 6135)

ജൽസാ ദിനങ്ങളിൽ വിവിധദേശക്കാരും വ്യത്യസ്തപ്രകൃതക്കാരും വരാറുണ്ട്. എങ്ങനെ അവ രുടെ പ്രകൃതമനുസരിച്ച് അവരെ ശ്രദ്ധിക്കാനാകുമെന്ന കാര്യത്തിൽ ചിലപ്പോൾ പ്രയാസമുണ്ടാകാറുമുണ്ട്. ചിലപ്പോൾ അതിഥികൾ തങ്ങളുടെ പ്രകൃതംകൊണ്ട് ചില കാര്യങ്ങൾ പറയുന്നതുകേട്ടാൽ ചില അഭിപ്രായപ്രകടനം നടത്തിയാൽ ഡ്യൂട്ടിക്കാർക്കും സേവനം ചെയ്യുന്നവർക്കും ക്ഷമകൈവിട്ടുപോകാറുണ്ട്. എന്നാൽ, നമ്മളോടു അല്ലാഹുവിന്റെ റസൂൽ കൽപിച്ചിട്ടുള്ളത് നിങ്ങളേതു അവസ്ഥയിലും അതിഥികളെ ബഹുമാനിക്കണമെന്നാണ്. കാരണം അതുമുഖേനയും നിങ്ങളുടെ ഈമാനിന്റെ നിലവാരം പരിശോധിക്കപ്പെടുന്നതാണ്. അതിനാൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡ്യൂട്ടിക്കാർ എപ്പോഴും സൽപെരുമാറ്റം കാഴ്ചവെക്കേണ്ടതാണ്. മുഖത്ത് എപ്പോഴും മന്ദസ്മിതമുണ്ടായിരിക്കേണ്ടതാണ്.

സേവനം ചെയ്യുന്നവർ സ്വന്തമിഷ്ടപ്രകാരമാണ് അതിഥികളെ സേവിക്കാൻ മുന്നോട്ടു വന്നിട്ടുള്ളത്. അതിനാൽ അല്ലാഹുവും അവന്റെ റസൂലും നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്ന നിലവാരത്തിൽ നമ്മളെത്തേണ്ടതുണ്ട്. സൽപെരുമാറ്റം കാഴ്ചവെക്കാൻ എന്തുനിലവാരം സ്വായത്തമാക്കാനാണ് ഇസ്‌ലാം നമ്മളെ ഉപദേശിക്കുന്നത്. ഇതുസംബന്ധിച്ച് നബി(സ)തിരുമേനി പറയുന്നു:നിങ്ങൾ സ്വന്തം സഹോദരനോടു പുഞ്ചിരിക്കുന്നത് ഒരു സ്വദഖ അഥവാ ദാനധർമമാണ്. നല്ല കാര്യങ്ങൾ ചെയ്യാൻ ഉപദേശിക്കുന്നതും തിന്മയെ തടയുന്നതും ദാനമാണ്. വഴിതെറ്റിയവന് വഴികാണിച്ചുകൊടുക്കുന്നതും അന്ധനെ വഴി നടത്തുന്നതും നിന്റെ ഭാഗത്തുനിന്നുള്ള ദാനമാണ്. കല്ല്, മുള്ള്,എല്ലുകൾ തുടങ്ങിയവ വഴിയിൽനിന്ന് നീക്കം ചെയ്യുന്നതും ദാനമാണ്. അതായത് എല്ലാ അഴുക്കുകളും നീക്കം ചെയ്യുന്നത്. നിന്റെ വെള്ളത്തൊട്ടിയിൽനിന്ന് നിന്റെ സഹോദരന്റെ തൊട്ടിയിൽ വെള്ളം പകർന്നു കൊടുക്കുന്നതും ദാനമാണ്.(ജാമിഉത്തിർമുദി, ഹദീഥ് 1956)

ഇതായിരിക്കണം സകല അഹ്മദികളും സ്വായത്തമാക്കേണ്ട നിലവാരം. ഞാനിപ്പോൾ പ്രവർത്തകരുടെ ശ്രദ്ധയാണ് പ്രത്യേകം ക്ഷണിക്കുന്നത്. അതുകൊണ്ട് അവരെ ഉണർത്തുകയാണ്, എപ്പോഴും മന്ദസ്മിതത്തോടെ അഭിമുഖീകരിക്കുക എന്നത് ഒരു മഹദ്ഗുണമാണ്.

ഡ്യൂട്ടിക്കിടയിൽ ഉറങ്ങാൻ ചിലപ്പോൾ വളരെ കുറച്ചു സമയമെ കിട്ടുകയുള്ളു. ക്ഷീണവുമുണ്ടാകും. എന്നാൽ, അത്തരം സാഹചര്യത്തിലും നിങ്ങളുടെ മന്ദസ്മിതം മായാതിരിക്കണമെന്നും പൂർണമനസ്സോടെ സേവനം ചെയ്യണമെന്നുമാണ് കൽപന.

പിന്നെ തർബയ്യത്തു വകുപ്പുകാർ പ്രത്യേകിച്ചും സാധാരണഡ്യൂട്ടിക്കാർ പൊതുവേയും ശ്രദ്ധിക്കേണ്ടതാണ്. ആരിലെങ്കിലും നമ്മുടെ പരിശുദ്ധിക്കും അധ്യാപനത്തിനും വിരുദ്ധമായി എന്തെങ്കിലും തെറ്റായ കാര്യം കണ്ടാൽ അവർക്ക് സൗമ്യതയോടെയും സ്നേഹത്തോടെയും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

പിന്നീട് വഴിയുടെ ശുചിത്വത്തെ കുറിച്ചാണ് പറഞ്ഞത്. വഴി കാണിച്ചുകൊടുക്കുക എന്നതിനെ കുറിച്ചല്ല. നമ്മുടെ വ്യവസ്ഥിതിയിൽ വഴികാണിക്കുന്നതിനും ടീമുകൾ നിശ്ചയിക്കപ്പെടാറുണ്ട്. അതുപോലെ വിവിധ സ്ഥലങ്ങളിൽ സൂചനാബോർഡുകളും പതിക്കുന്നു. അതിൽ നിർദേശങ്ങളും എഴുതിയിട്ടുണ്ടാകും. സ്ഥലങ്ങളുടെ അടയാളങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടാകും. എന്നാലും ഏതെങ്കിലും ഡ്യൂട്ടിക്കാരനോടു വഴി ചോദിച്ചാൽ അവർക്ക് കാണിച്ചുകൊടുക്കേണ്ടതാണ്. ആർക്കാണോ ഈ ഡ്യൂട്ടി നല്കിയിരിക്കുന്നത് അയാൾത്തന്നെ അതു ചെയ്യണമെന്നത് നിർബന്ധമല്ല. വഴിയറിയുന്ന ആരായാലും കാണിച്ചുകൊടുക്കേണ്ടതാണ്. സൽസ്വഭാവത്തിന്റെ പ്രകടനം ഇതാണ്. സ്വയം അറിയില്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ അവരെ എത്തിക്കുക. ഭിന്നശേഷിക്കാരും അന്ധരുമായിട്ടുള്ളവരെ സഹായിക്കുക എന്നത് അല്ലെങ്കിൽത്തന്നെ നിർബന്ധമാണ്. ഇതെല്ലാവർക്കും അറിയുന്നതുമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് അധികം പറയേണ്ട ആവശ്യമില്ല. അതുപോലെ വഴിയിലോ മറ്റു സ്ഥലങ്ങളിലോ ആരെങ്കിലും കവറോ ഡിസ്പോസിബിൾ ഗ്ലാസോ മറ്റുവല്ലതുമോ വലിച്ചെറിയുന്നതു കണ്ടാൽ അക്കാര്യം ക്ലീനിംഗ് വകുപ്പ് ശ്രദ്ധിക്കുമെങ്കിലും അവർ വൃത്തിയാക്കുന്നതു തുടരുമെങ്കിലും ഏതെങ്കിലും പ്രവർത്തകൻ അതുകണ്ടാൽ ഉടനെ അതെടുത്ത് ഡസ്റ്റ്ബിന്നിൽ നിക്ഷേപിക്കേണ്ടതാണ്. അതുപോലെ സംഘാടകരും അടുത്തടുത്ത വിവിധ സ്ഥലങ്ങളിൽ ഡസ്റ്റുബിന്നുകൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ, നിലവിലെ സ്ഥിതി കണക്കിലെടുത്ത് അവയിലാരെങ്കിലും അനർഥകരമായ വസ്തുക്കൾ നിക്ഷേപിക്കുന്നുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കേണ്ടതാണ്.

അതുപോലെ ഭക്ഷണവിതരണക്കാരും അതിഥികളെ നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാണ്. എപ്പോഴെങ്കിലും ഭക്ഷണം കുറഞ്ഞുപോയാൽ അതിഥികളോടു സ്നേഹപൂർവം അത് പറയുക. ഭക്ഷണം കുറഞ്ഞുപോയാൽ പരസ്പരം സഹകരിച്ചുകഴിച്ചാലെ എല്ലാവർക്കും അതെത്തുകയുള്ളു. പൊതുവെ അതിനുള്ള സാധ്യത വളരെ കുറവാണ്. എന്നാൽ, എപ്പോഴെങ്കിലും അങ്ങനെ സംഭവിച്ചാൽ വിതരണക്കാർ സ്നേഹത്തോടും യുക്തിയോടുംകൂടി അക്കാര്യം പരിഹരിക്കേണ്ടതാണ്. അതുപോലെ ട്രാഫിക് വിഭാഗഗമുണ്ട്. അവിടേയും ചിലപ്പോൾ അസ്വാരസ്യങ്ങളുണ്ടാകാറുണ്ട്. കാലാവസ്ഥ മോശമാകുമ്പോൾ പ്രത്യേകിച്ചും. ഇവിടെ വരുന്ന അതിഥികളോടും എനിക്കു പ്രത്യേകം പറയാനുള്ളത് ട്രാഫിക് നിയന്ത്രിക്കുന്നവരോടു സഹകരിക്കണമെന്നാണ്. ആ വകുപ്പിലെ പ്രവർത്തകരും എപ്പോഴും സൽപ്പെരുമാറ്റം കാഴ്ചവെക്കേണ്ടതാണ്.

അതുപോലെ ജൽസയുടെ വേറേയും പല വിഭാഗങ്ങളുണ്ട്. നബി(സ)തിരുമേനിയുടെ എപ്പോഴും പ്രസന്നവദനനായിരിക്കുക എന്ന നിർദേശം എല്ലാവരും പാലിക്കേണ്ടതാണ്. എല്ലാ പ്രവർത്തകർക്കും അല്ലാഹു നല്ല നിലയിൽ ഡ്യൂട്ടി നിർവഹിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ജൽസ എല്ലാവിധത്തിലും അനുഗ്രഹപൂർണമാകട്ടെ. എല്ലാ അഹ്മദികളും ഈ ജൽസയുടെ വിജയത്തിന് ദുആ ചെയ്യുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**ദുആ ഔഷധമാകുന്നു**

താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽ നിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്. പാപത്തിൽ നിപതിച്ച് ദുആ സ്വീകാര്യതയിൽ നിരാശരാവുകയും തൗബയിലേക്ക് മടങ്ങാതിരിക്കുകയും ചെയ്യുന്നവർ അവസാനം പ്രവാചകന്മാരെയും അവർ ചെലുത്തുന്ന പ്രഭാവങ്ങളെയും നിഷേധിക്കുന്നു. (മൽഫൂസാത്ത് വാല്യം. 1 പേ. 4 )

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**




tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM



# പ്രസ്സ് റിലീസ് 2023 ജൂലായ് 28

**ജംയിയത്തുൽ ഉലമാ ഹിന്ദിന്റെ പ്രസ്താവന, സമൂഹത്തിൽ വിഭാഗീയത ഉണ്ടാക്കുന്നതും മതപരമായ സഹിഷ്ണുതയുടെ നിയമങ്ങൾക്ക് വിരുദ്ധവുമാണ്.**

**അവരുടെ വാർത്താക്കുറിപ്പിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനേയും ഇന്ത്യയിലെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ നിയമപരമായ നിലയേയും കുറിച്ച് വ്യാജവും വഴിപിഴപ്പിക്കുന്നതുമായ കാര്യങ്ങളാണുള്ളത്. ജംയിയത്തിന്റെ ഈ പ്രസ്താവന ഇന്ത്യയിലെ നിയമങ്ങൾക്കും ഇസ്‌ലാമികാധ്യാപനങ്ങൾക്കും ഘടകവിരുദ്ധവുമാണ്.**

ജംയിയത്തുൽ ഉലമാ ഹിന്ദ് പ്രസ്സ്റിലീസ് മുഖേന ഈ അടുത്ത് പുറപ്പെടുവിച്ച അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് 'മുസ്‌ലിമീങ്ങ ളല്ല' എന്ന തീരുമാനത്തെ ആന്ധ്രാപ്രദേശ് വഖ്ഫു ബോർഡ് പിന്തുണച്ചിരിക്കുന്നു. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഭാരത്, ജംയിയത്തുൽ ഉലമാ ഹിന്ദിന്റെ ഈ പ്രസ്താവന, സമൂഹത്തിൽ വിഭാഗീയത ഉണ്ടാക്കുന്നതും മതപരമായ സഹിഷ്ണുതയുടെ നിയമങ്ങൾക്ക് വിരുദ്ധവുമാണെന്ന് പ്രഖ്യാപിക്കുന്നു. അവരുടെ വാർത്താക്കുറിപ്പിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനേയും ഇന്ത്യയിലെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ നിയമപരമായ നിലയേയും കുറിച്ച് വ്യാജവും വഴിപിഴപ്പിക്കുന്നതുമായ കാര്യങ്ങളാണുള്ളത്. ജംയിയത്തിന്റെ ഈ പ്രസ്താവന ഇന്ത്യയിലെ നിയമങ്ങൾക്കും ഇസ്‌ലാമികാധ്യാപനങ്ങൾക്കും ഘടകവിരുദ്ധവുമാണ്.

അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് എക്കാലത്തും സത്യഹൃദയത്തോടുകൂടി 'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്' അല്ലാഹു ഏകനാണ്, അവന് പങ്കുകാരാരുമില്ല, ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)അവന്റെ റസൂലും ഖാത്തമുന്നബിയ്യീനുമാണെന്ന ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യം ആത്മാർഥമായി ഏറ്റുപറഞ്ഞു വന്നിട്ടുള്ളതും നിരന്തരം വിളംബരപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമാണ്. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ അവസാനത്തെ ശരീഅത്താണ്. അതിൽ ഞങ്ങൾ തികവാർന്നനിലയിൽ വിശ്വസിക്കുന്നു. ഇസ്‌ലാംകാര്യങ്ങളും ഈമാൻ കാര്യങ്ങളുമനുസരിച്ച് അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് പ്രവർത്തിച്ചുവരുന്നു. ഇതിനുശേഷം കലിമ ചൊല്ലുന്ന അഹ്മദി മുസ്‌ലിമീങ്ങളെ അമുസ്‌ലിം എന്ന് പ്രഖ്യാപിക്കാൻ ആർക്കും ഒരവകാശവുമില്ല.

ഇന്ത്യയിലെ വിവിധ ഹൈക്കോടതികൾ പല പ്രാവശ്യവും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ ഇസ്‌ലാമിലെ ഒരു കക്ഷിയെന്ന നിലയിൽ അംഗീകരിച്ചുകൊണ്ട് ഞങ്ങളുടെ അവകാശം നിലനിറുത്തിപ്പോരുന്നു. ഉദാഹരണത്തിന് ഇന്ത്യയിലെ നീതിവകുപ്പിന്റെ ധ്വജവാഹകനായി മനസ്സിലാക്കപ്പെടുന്ന ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ 1970 ഡിസംബർ 8 ന് പുറപ്പെടുവിച്ച തന്റെ ചരിത്രപരമായ വിധിയിൽ പറഞ്ഞു:അഹ്മദിയ്യ ജമാഅത്ത് ഇസ്‌ലാമിന്റെ ഭാഗമാണ്. അദ്ദേഹം തന്റെ വിധിയിൽ വ്യക്തമായ നിലയിൽ പറഞ്ഞു:'വികാരവും ആവേശവും മാറ്റിവെച്ചുകൊണ്ടും നിയമത്തിന്റെ ശീതളപ്രകാശത്തിലും പ്രശ്നത്തിലേക്ക് നോക്കുകയാണെങ്കിൽ അഹ്മദിയ്യാവിഭാഗം ഇസ്‌ലാമിൽപ്പെട്ടതുതന്നെയെന്നും പുറത്തല്ലെന്നും പറയാൻ എനിക്കൊരു ഭയവുമില്ല.'

ഇതിനുപുറമെ 1916-ൽ പട്ന ഹൈക്കോടതിയും 1922-ൽ മദ്രാസ് ഹൈക്കോടതിയും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ ഇസ്‌ലാമിലെത്തന്നെ ഒരു കക്ഷിയായി വിധിച്ചിട്ടുണ്ട്. ഇപ്രകാരം 2011 ലെ ഇന്ത്യയിലെ കാനേഷുമാരി റിപ്പോർട്ടിലും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ ഒരു ഇസ്‌ലാമിക കക്ഷിയെന്ന നിലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സംഘടനകളുടെ ചില ഫത്‌വകൾ ഇതുസംബന്ധമായി ജംയിയത്തുൽ ഉലമാ ഹിന്ദ് ഉദ്ധരിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. അത്തരം ഫത്‌വകൾ ദേശീയവും മതപരവുമായ ആത്മാവിനെതിരാണ്. അത് ഇന്ത്യയുടെ പ്രത്യേക പ്രൗഢിയാണ്. ഫത്‌വകൾക്ക് നിയമപരമായ പരിരക്ഷയൊന്നുമില്ല. അതേതെങ്കിലും സമുദായത്തിന്റെ തിരിച്ചറിവ് അല്ലെങ്കിൽ നിലനില്പിനുമേൽ ദേശീയപരമായ നിലയിൽ ചോദ്യം ചോദിക്കുന്നതിന് ഉപയോഗിക്കാവുന്നതല്ല. ഇന്ത്യയെപ്പോലുള്ള ജനാധിപത്യരാജ്യത്ത് ഫത്‌വകൾ നിയമത്തിന് പകരമാവുകയില്ല. ഫത്‌വകളുടെ അടിത്തറയും ഇസ്‌ലാമികപരമായ അധ്യാപനങ്ങളുടെ അടിത്തറയിലുള്ളതല്ലതാനും! പ്രത്യുത മൗലവിമാരുടെ കെട്ടുകഥകളിലാണ്.

ഞങ്ങളെല്ലാ മതസംഘടനകളോടും മതനേതാക്കന്മാരോടു അഭ്യർഥിക്കുകയാണ്, അവർ ഉത്തരവാദിത്വം പ്രകടിപ്പിക്കുക. സാമൂഹികപരവും മതപരമായവുമായ ഐക്യത്തിന് ക്ഷതമുണ്ടാക്കാനിടയുള്ള അത്തരം പ്രസ്താവം ഇറക്കുന്നതിൽനിന്ന് പിന്മാറുക. അതിനുപകരം മതസഹിഷ്ണുതയ്ക്കും ആഗോളപരമായിട്ടുള്ള മതങ്ങളുടെ ഐക്യത്തിനുംവേണ്ടി ശ്രമിക്കുക. ഇസ്‌ലാം അതിന്റെ ധ്വജവാഹകരാണ്.

കെ.ത്വാരിഖ് അഹ്മദ്
ഇൻചാർജ് പ്രസ്സ് & മീഡിയ,
അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഇന്ത്യാ

**ദുആയ്ക്കുള്ള അപേക്ഷ**

മലപ്പുറം കരുളായ് ജമാഅത്തിലെ സജീവാംഗമായ സി.എച്ച്.റാസിഹ് സാഹിബിന് അല്ലാഹു ആൺകുട്ടിയെ നല്കിയനുഗ്രഹിച്ചിരിക്കുന്നു. ഈ കുട്ടി വഖ്ഫെ നൗ എന്ന അനുഗൃഹീത പദ്ധതിയിൽ അംഗമാണ്. അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ത്വാഹിർ അഹ് മദ് എന്ന് പേരിട്ടു. റാസിഹ് സാഹിബിന്റെ മറ്റു രണ്ടുകുട്ടികളും വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്. അദ്ദേഹം കുട്ടികളുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും ദീനിന്റെ സേവകരായിത്തീരുന്നതിനും ദുആയ്ക്ക് അപേക്ഷിക്കുന്നു.

*മാനേജർ ബദ്ർ ഖാദിയാൻ*

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 08 തിങ്കളാഴ്ച**

**വാല്യം 8 ലക്കം 33 പേജ് 12 കോളം 3-ൽനിന്ന് തുടർച്ച......**

മസിഡോണിയയിൽനിന്നു വന്ന ഒരു അതിഥി മോണെ ജൊവാനോവ് പറയുന്നു:ജൽസയിൽ പങ്കാളിയായിക്കൊണ്ട് അതിന്റെ ഓർമകളുംപേറി ഞാൻ മടങ്ങുകയാണ്. ജൽസാ സംവിധാനങ്ങളുടെ പ്രവർത്തി ആർക്കും വളരെ ബുദ്ധിമുട്ടിയേ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. എന്നല്ല, ഒരു വലിയ രാജ്യത്തിനുപോലും ഈ നിലവാരത്തിലുള്ള പ്രോഗ്രാം സംഘടിപ്പിക്കാൻ സാധിക്കുകയില്ലെന്ന് ഞാൻ പറയും. ഒരു മഹനീയ അനുഭവമായിരുന്നു ഇത്. ജൽസയുടെ അന്തരീക്ഷം, അതിന്റെ പ്ലാനിംഗ്, അതിന്റെ സംഘാടനം എല്ലാമെല്ലാം അതിഗംഭീരവും സുന്ദരവുമായിരുന്നു. വിജ്ഞാന നിർഭരമായിരുന്നു പ്രഭാഷണങ്ങൾ. സർവലോകത്തിനും ക്ഷേമം എന്ന ആഗോള സന്ദേശമായിരുന്നു ജൽസയുടേത്.

ഹുദൂറുമായുള്ള കൂടിക്കാഴ്ച വളരെ ഹൃദയസ്പൃക്കായിരുന്നു. എല്ലാവരുടേയും വാക്കുകൾ സംതൃപ്തിയോടും ക്ഷമയോടും അദ്ദേഹം ശ്രവിച്ചു. അവർക്ക് മറുപടി നല്കി. ഉന്നയിച്ച എല്ലാ ചോദ്യങ്ങൾക്കും ഹുദൂർ മറുപടി നല്കി. വളരെ ഔന്നത്യമുളള പരിപാടിയായിരുന്നു ഹുദൂറുമായുള്ള കൂടിക്കാഴ്ച.

മസിഡോണിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 11.40 വരെ നീണ്ടു നിന്നു. എല്ലാവരും ഹുദൂറിൽ നിന്ന് ഹസ്തദാനം സ്വീകരിച്ച് സായൂജ്യരായി. എല്ലാവർക്കും ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. കൂടിക്കാഴ്ചയുടെ സമാപ്തിയിൽ ഹുദൂർ എല്ലാവർക്കും പേന നല്കി. കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

ബോസ്നിയൻ സംഘം ഹുദൂറിനെ കാണുന്നു:

തുടർന്ന് 47 പേരടങ്ങുന്ന ബോസ്നിയൻ സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇവരിൽ അധികംപേരും ജമാഅത്തിന്റെ അനുകൂലികളായിരുന്നു. ജൽസ എങ്ങനെ കഴിഞ്ഞുവെന്ന് ഹുദൂർ അവരോട് അന്വേഷിച്ചു.

സംഘാംഗങ്ങൾ:വളരെ നല്ല രീതിയിൽ ജൽസ കടന്നു പോയി. എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. ഓരോ കാര്യവും വ്യവസ്ഥാപിതമായിരുന്നു.

ഒരു വനിത ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ തനിക്ക് വളരെ അഭിമാനമുണ്ടെന്ന് പറഞ്ഞു. ഹുദൂറിന്റെ എല്ലാ പ്രഭാഷണങ്ങളും ഞാൻ കേട്ടു. വികാരങ്ങൾ പ്രകടിപ്പിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല.

രോഗിയായ തന്റെ സഹോദരിക്കുവേണ്ടി ഹുദൂറിനോട് ദുആക്കപേക്ഷിച്ച അവർ വീട്ടിൽ പ്രയാസങ്ങളുണ്ടെന്നു അറിയിച്ചു.

ഹുദൂർ അൻവർ:അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഒരു വനിത: ഞാനിപ്പോള് ഹുദൂറിന്റെ തിരുസന്നിധിയിലാണ്. ഒരു മഹനീയ വ്യക്തിത്വത്തിന്റെ മുമ്പിലാണ്. എല്ലാവരെ കുറിച്ചും വളരെ ശ്രദ്ധ പുലർത്തിയതിൽ ഞാൻ ഹുദൂറിന് നന്ദി പറയുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെ നല്ലതായിരുന്നു. ഞങ്ങളെല്ലാവരുടെമേലും അതിന്റെ വളരെ നല്ല സ്വാധീനമുണ്ട്.

ഹുദൂർ അൻവർ:അല്ലാഹു തആല അനുഗ്രഹിക്കുമാറാകട്ടെ.

സൈനബ സാഹിബ പറയുന്നു:ജൽസയുടെ ഭാഗമായതുകൊണ്ട് സ്വന്തം മതത്തെ കുറിച്ചുള്ള യഥാർഥ അധ്യാപനം നല്ലവണ്ണം മനസ്സിലായി. വളരെയധികം വിവരങ്ങൾ കൂട്ടിച്ചേർക്കാൻ സാധിച്ചു. ഹുദൂർ അൻവറിന്റെ ആകർഷണീയമായ വ്യക്തിത്വം ഞങ്ങളെ വളരെ സ്വാധീനിച്ചു.

ഒരു സ്നേഹിതൻ സ്വഗീർ സാഹിബ് പറയുന്നു: ഞാൻ പങ്കെടുക്കുന്ന രണ്ടാമത്തെ ജൽസയാണിത്. സവിശേഷമായ പ്രാധാന്യം ഞാൻ ഈ ജൽസയിൽ കാണുന്നുണ്ട്. കാരണം, ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കാനുള്ള അവസരം ഈ ജൽസയിലാണ് കിട്ടിയത്. എനിക്ക് ഒരു ചോദ്യവുമി ല്ല. ഞാൻ കേവലം ഹുദൂർ അൻവറിനുവേണ്ടി ദുആ ചെയ്യുന്നു. അല്ലാഹു ഹുദൂർ അൻവറിന് ആയുരാരോഗ്യപരമായ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ.

അൽഡിന സാഹിബ പറയുന്നു: ഇവിടെ വരുന്നതിനു മുമ്പേ ഞാൻ ഇസ്ലാമിനെക്കുറിച്ച് ഒന്നും അറിയാത്ത അവസ്ഥയിലായിരുന്നു. ജൽസയുടെ ഭാഗമാകുകയും ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം ശ്രവിക്കുകയും ചെയ്തപ്പോൾ യഥാർഥ ഇസ്ലാമികാധ്യാപനത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. മുമ്പേ എന്റെ അറിവിൽപ്പെടാത്ത വളരെയധികം കാര്യങ്ങളും മനസ്സിലായി. ജൽസയിലെ എല്ലാ സംവിധാനങ്ങളും വളരെ മികച്ചതായിരുന്നു. അച്ചടക്കപൂർണമായിരുന്നു.

എമീന സാഹിബ പറയുന്നു:അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ അഹ്മദിയാണ്. എന്റെ മകൻ ബാൾക്കൻ ഒരുപക്ഷേ ആദ്യ വഖ്ഫെനൗ കുട്ടിയാണ്. എന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ മോഹമാണ് എന്റെ മകൻ സൽപ്രകൃതനും ദീനീ സേവകനും ആകണമെന്നുള്ളത്. എന്റെ മാതാവ് യുദ്ധഭയംകൊണ്ട് മാനസിക രോഗിയായിരിക്കുന്നു. എന്റെ പിതാവിന്റെ മനസ്സിൽ ഇസ്ലാമിനു ഒരിടവുമില്ലതന്നെ..

എന്റെ കുടുംബത്തിലെ ആദ്യ അഹ്മദി സ്ത്രീയാണു ഞാൻ. അതു മറച്ചുവച്ച കാരണത്താൽ സ്വന്തം കുടുംബത്തിൽനിന്നുതന്നെ വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. എന്നാൽ, ഈ പ്രയാസത്തെ ഞാൻ ഒട്ടും ഭയപ്പെടുന്നില്ല. ഇപ്പോൾ ഇക്കാര്യങ്ങളിൽ ഞാനൊരു അർഥവും കാണുന്നുമില്ല.

മാതാപിതാക്കൾക്കു സന്മാർഗം പ്രാപ്തമാകാൻ ദുആക്കപേക്ഷിച്ചു കൊണ്ട് പറഞ്ഞു:അല്ലാഹു എന്റെ പിതാവിന്റെ ഹൃദയത്തെ മൃദുലമാക്കി അഹ്മദിയ്യത്ത് സ്വീകരിക്കാൻ അവസരമൊരുക്കുമാറാകട്ടെ.

ഹുദൂർ അൻവർ: അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. എല്ലാ ബുദ്ധിമുട്ടുകളും നീക്കിത്തരുമാറാകട്ടെ.

റോമൻ സമുദായത്തിന്റെ തലവനായ ഒരു അതിഥി പറയുന്നു: യുദ്ധം ഏറ്റവുമധികം ബാധിച്ച പട്ടണവുമായാണ് എന്റെ ബന്ധം. യുദ്ധാവസരത്തിൽ സെർബുകളുടെമേൽ ആക്രമണമുണ്ടായപ്പോൾ റോമൻ ജനതയായ ഞങ്ങൾ സംഘടിച്ച് അതിനെ നേരിടുകയും ചെയ്തു. ഞാൻ എന്റെ രണ്ടു മക്കളേയും കൂട്ടി യുദ്ധത്തിൽ പങ്കെടുത്തു. ഒരു മകൻ രക്തസാക്ഷിയായി. പ്രസ്തുത പ്രതിസന്ധിയുടെ കാലഘട്ടം എനിക്കൊരിക്കലും മറക്കാൻ സാധിക്കുന്നില്ല. ഞാനിപ്പോൾ റോമൻജനതയുടെ പുരോഗതിക്കുവേണ്ടി ശ്രമിച്ചു വരുന്നു. ഒരു പ്രോഗ്രാമിൽ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധം സ്ഥാപിതമായി. ഇന്നിവിടെ ഹുദൂറിനെ കണ്ടതിൽ വളരെ സന്തോഷമുണ്ട്.

ഹുദൂർ അൻവർ:അല്ലാഹു താങ്കളുടെ ശ്രമത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. നിങ്ങൾ നിങ്ങളുടെ മക്കൾക്കും യുവാക്കൾക്കും വിദ്യാഭ്യാസം നല്കുക. വിദ്യനേടാതെ പുരോഗതി ഉണ്ടാക്കാൻ സാധിക്കില്ല. പുരോഗതി കൈവരിക്കാൻവേണ്ടി വിദ്യ നേടേണ്ടിവരും. ഇക്കാര്യത്തിൽ നിരന്തരം ശ്രദ്ധ ചെലുത്തുക.

ഒരു അനഹ്മദി സ്നേഹിതൻ ബയ്റോ ബെഗാനോവിച്ച് പറയുന്നു: എനിക്ക് 77 വയസ്സായി. ഹുദൂർ അൻവറിനെ കാണണമെന്ന എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അഭിലാഷം ഇന്ന് പൂവണിഞ്ഞു. അല്ലാഹുവാണ, ഇനി എനിക്ക് മരണം സംഭവിച്ചാലും സ്വന്തം ജീവതത്തെ കുറിച്ച് ഒരു പരാതിയുമുണ്ടാവില്ല.

ഹുദൂർ അൻവർ:അല്ലാഹു നിങ്ങളുടെ ആരോഗ്യത്തിലും പ്രായത്തിലും ശ്രമങ്ങളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. 77 വയസ്സ് ഇതിനു വേണ്ടിയുള്ളതല്ല. അല്ലാഹു നിങ്ങൾക്ക് ദീർഘായുസ്സ് തരുമാറാകട്ടെ. ആരോഗ്യം നിറഞ്ഞ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ.

* ഒരു സ്നേഹിതൻ പറയുന്നു:ജൽസയുടെ ഭാഗമായതിൽ ഞാൻ വളരെ സന്തോഷവാനാണ്. എന്റെ ഹൃദയം വളരെ സംതൃപ്തമാണ്. എനിക്കിവിടെ മനഃസമാധാനം കിട്ടി.

മറ്റൊരു അതിഥി പറയുന്നു: ഇവിടെ ജൽസയിൽ വന്ന് മനഃസംതൃപ്തി കൈവന്നു എന്ന ഏക കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

* ഒരു അഹ്മദി വനിത സനേല(ടഅചളഘഅ)പറയുന്നു:പ്രഭാഷണങ്ങളിൽ ശ്രദ്ധ ക്ഷണിച്ച എല്ലാ ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരം പ്രാപ്തമാകാൻ ഞാൻ ഹുദൂറിനോട് ദുആക്കപേക്ഷിക്കുന്നു.

ജമാഅത്തിന്റെ മുബല്ലിഗ് അവരെക്കുറിച്ച് പറയുന്നു:പ്രചാരണ പ്രവർത്തനങ്ങളിൽ ഇവർ വളരെ സജീവമാണ്. സധൈര്യം ഇവർ പ്രചാരണം നടത്തുന്നു. വഹാബികളോടുപോലും ധൈര്യത്തോടുകൂടി സംസാരിക്കുന്നു. വഹാബികൾ നമ്മുടെ ഗ്രന്ഥത്തെ കുറിച്ച് ബുക്ക്സ്റ്റാളിൽ വന്ന് തലതിരിഞ്ഞ കാര്യങ്ങൾ സംസാരിക്കുമ്പോൾ ഇവർ സധൈര്യം അവർക്ക് മറുപടി നല്കുന്നു.

ഹുദൂർ അൻവർ:സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ച് ചിന്ത വേണം.

* ഒരു സ്നേഹിതൻ പറയുന്നു:ഹുദൂറിന് ഞാൻ നന്ദി പറയുകയാണ്. ജൽസയിലെ എല്ലാ സംവിധാനങ്ങളും മികച്ച രൂപത്തിൽ ഏർപാടു ചെയ്തു. എന്റെ ജീവിതത്തിൽ മുമ്പേയൊരിക്കലും ഇത്തരമൊരു അച്ചടക്കമുള്ള പരിപാടി കണ്ടിട്ടില്ല. ഞങ്ങൾ ഹുദൂറിനുവേണ്ടി ദുആ ചെയ്യുന്നു. അല്ലാഹു ഹുദൂറിന് ആയുരാരോഗ്യവും സമാധാനവും നിറഞ്ഞ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. കൂടുതൽക്കൂടുതൽ അനുഗ്രഹങ്ങൾ വിതരണം ചെയ്യാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

* ഒരു സ്ത്രീ പറഞ്ഞു:ഞാൻ വളരെ സന്തോഷവതിയാണ്. കഴിഞ്ഞ മൂന്നു വർഷമായി ഞാൻ ജൽസയിൽ പങ്കെടുക്കുന്നു. ഇപ്പോൾ ബോസ്നിയയിൽ മടങ്ങിപ്പോകാൻ മനസ്സ് ആഗ്രഹിക്കുന്നില്ല. ജൽസ വളരെ നല്ലതായിരുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ മനസ്സിൽ

അഗാധമായ സ്വാധീനമുണ്ടാക്കി. അല്ലാഹു നമുക്ക് പ്രവർത്തിക്കാനുള്ള അവസരം നല്കുമാറാകട്ടെ.

* ഒരു അതിഥി മുഹമ്മദ് അലി സാഹിബ് പറയുന്നു:നിർമാണ രംഗത്ത് പണിയെടുക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇവിടുത്തെ അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടിയ ദിനങ്ങളെക്കുറിച്ച് വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. ഹുദൂറുമായുള്ള കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ സവിശേഷ സംഭവമാണ്. ഇത് ജീവിതത്തിലെ സുന്ദരസംഭവങ്ങളിൽ പെട്ടതാണ്. ഈ ജമാഅത്തിന്റെ അധ്യാപനം തന്നെയാണ് യഥാർഥ ഇസ്‌ലാം. ഓരോ ആളും ഇതനുസരിച്ച് പ്രവർത്തിക്കുന്നു.

* ഒരു വനിതാ അതിഥി പറയുന്നു:ഞാൻ ബോസ്നിയയിൽനിന്നാണ് വരുന്നത്. ഇവിടെ വന്ന് വളരെയധികം കാര്യങ്ങൾ പഠിച്ചു. ഹുദൂറിനെ ദർശിച്ചതിനും കൂടിക്കാഴ്ചക്കും ശേഷം വളരെ ധൈര്യം കൈവന്നു. ഇസ്‌ലാമിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ട് വളരെ നിരാശയായിരുന്നു. എന്നാൽ, ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചതിനും ദർശിച്ചതിനും ശേഷം വളരെ ശാന്തത കൈവന്നു. ഇസ്‌ലാമിന്റെ പുരോഗതിക്കുവേണ്ടിയും പ്രതിരോധത്തിനുംവേണ്ടി രാപ്പകൽ പണിപ്പെടുന്ന ആരെങ്കിലും ഉണ്ടോ?

ഹുദൂർ അൻവർ:അല്ലാഹു നിങ്ങൾക്ക് ധൈര്യം നല്കുമാറാകട്ടെ. ആരോഗ്യം നല്കുമാറാകട്ടെ. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനുവേണ്ടി സേവനം ചെയ്യുന്നവരിൽ താങ്കളും ചേരുക.

ഒരു വനിത പറഞ്ഞു: അഞ്ചു വർഷമായി ഞാൻ അഹ്മദിയാണ്. ഇത് എന്റെ ആദ്യത്തെ ജൽസാ സാലാനയാണ്. എന്റെ പ്രതീക്ഷയെക്കാൾ വളരെ മികച്ചതായിരുന്നു ഓരോ പരിപാടിയും. ഇത്രയും വലിയ സംഭവത്തിൽ നിന്നു വളരെ കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. സ്വന്തം കുറവുകളും ന്യൂനതകളും കാണാൻ സാധിക്കുംവിധം ജൽസാസാലാനക്ക് മനുഷ്യനെ വളരെ കാര്യങ്ങൾ പഠിപ്പിക്കാൻ സാധിക്കും. എന്റെ കുടുംബം അഹ്മദിയാകാൻ ദുആ ചെയ്താലും. സ്വന്തം കുടുംബത്തിൽ ഞാൻ തനിച്ചാണ് അഹ്മദി. മാതാപിതാക്കൾ എന്നെ വീട്ടിൽനിന്ന് പുറത്താക്കി. എന്റെ വിവാഹം ഒരു പാക്കിസ്താനീ അഹ്മദിയുമായി നടന്നു. തർജമാ ജോലികളിൽ ഞാൻ സഹായിക്കാറണ്ട്. ബോസ്നിയൻ ജമാഅത്തിനു വേണ്ടി ദുആക്കപേക്ഷിക്കുന്നു.

* ഒരു അഹ്മദീ വനിത മദീന സാഹിബ പറയുന്നു:സ്വന്തം കുടുംബത്തിൽ ഞാൻ ഏക അഹ്മദിയാണ്. അതുകൊണ്ട് മുമ്പേയൊന്നും ജൽസകളിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാലിപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ വിവാഹം ഒരു അഹ്മദിയുമായി തീരുമാനിച്ചു. വിവാഹശേഷം ജൽസയില് പങ്കെടുക്കണമെന്നതുതന്നെയായിരുന്നു എന്റെ പ്രഥമ ആഗ്രഹം.

ജൽസയിൽ പങ്കെടുക്കുകയും ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയും പ്രഭാഷണങ്ങൾ ശ്രവിക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ വളരെ ന്യൂനതകളുണ്ടെന്ന വികാരം അതിശക്തമായി എന്നെ ബാധിച്ചിരിക്കുന്നു. എന്നെ സംസ്കാരിച്ചെടുക്കാൻ എനിക്ക് കഠിനാധ്വാനം അനിവാര്യമാണ്.

എന്റെ കുടുംബത്തിലെ എല്ലാവർക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു തുണയ്ക്കാൻ ദുആ ചെയ്താലും.

* മുമ്പേ അനഹ്മദികളുടെ ഇമാമും ഇപ്പോൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചയാളുമായ മെയ്ഡ് സാഹിബ് പറയുന്നു: ആദ്യമായാണ് ഞാൻ ജൽസയില് പങ്കെടുക്കുന്നത്. ഇന്നലെ ഞാൻ ബയ്അത്ത് ചെയ്തു. ഹുദൂറിനെ ദർശിച്ചതോടെ വർഷങ്ങളായുള്ള എന്റെ ചോദ്യങ്ങൾക്ക് പരിഹാരമായി. ഹുദൂറിന്റെ മുഖകമലത്തിൽ ഒരു പ്രകാശം എനിക്കു കാണാൻ കഴിഞ്ഞു. ഏറ്റവും വലിയ തെളിവാണ് ഹുദൂറിന്റെ മുഖകമലത്തിലെ പ്രകാശം.

അങ്ങു തന്നെയാണ് ഖലീഫത്തുൽമസീഹെന്ന് ഞാന് സാക്ഷ്യം വഹിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഒരു സത്യപ്രസ്ഥാനമാണെന്ന് അങ്ങയുടെ മുഖകമലം സാക്ഷിയാണ്.

ഹുദൂർ അൻവർ: അല്ലാഹു താങ്കൾക്ക് വിശ്വാസത്തിൽ എന്നും വർധന പ്രദാനം ചെയ്യുമാറാകട്ടെ.

* ഒരു അനഹ്മദി സ്നേഹിതൻ ഫരീദ് സാഹിബ് പറയുന്നു: ഹുദൂറിന്റെ വ്യക്തിത്വം അതിന്റെ സത്തയിൽ ഒരു അത്ഭുതദൃഷ്ടാന്തമാണ്. ജൽസയിൽ ക്ഷണിച്ചതിനു എനിക്ക് വളരെ നന്ദിയുണ്ട്.

ഫരീദ് സാഹിബിനെ കുറിച്ച് മുബല്ലിഗ് സാഹിബ് പറയുന്നു: ജൽസയിൽ പങ്കെടുക്കന്നതിനു മുമ്പേ ജമാഅത്തുമായി സുശക്തമായ ഒരു ബന്ധം അദ്ദേഹം പുലർത്തിയിരുന്നില്ല. എന്നാൽ, ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം അസാധാരണമായ മാറ്റം അദ്ദേഹത്തിലുണ്ടായി. ജമാഅത്തിനോടും വിശിഷ്യാ ഖലീഫത്തുൽ മസീഹിനോടുള്ള ആദരവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ വളരെയധികം വർധിച്ചിരിക്കുന്നു.

* ഒരു വനിത വഹീദ സാഹിബ പറയുന്നു:ഇത്തരത്തിലുള്ള അന്തരീക്ഷത്തിൽ സമയം ചെലവഴിക്കാൻ ആദ്യമായി അവസരം ലഭിച്ചു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങളിൽ ഞാൻ വളരെ ആകൃഷ്ടയാണ്. ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖകമലത്തിൽ ദർശിച്ച പ്രകാശം ഹുദൂർ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ മാർഗദർശിയാണെന്നതിന് തെളിവാണെന്ന കാര്യം തുറന്നു പറയാതിരിക്കാൻ എനിക്ക് സാധ്യമല്ല. ഹുദൂർ അൻവറുമായി നടന്ന കൂടിക്കാഴ്ച വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. ആസ്വാദനം ഒന്നു മാത്രമേ സാധ്യമാകുകയുള്ളൂ.

ബോസ്നിയാ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 12.25 വരെ തുടർന്നു. ഒടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. സംഘാംഗങ്ങൾക്ക് ഹുദൂർ അനുകമ്പാപൂർവം പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

കൊസോവോ സംഘവുമായുള്ള കൂടിക്കാഴ്ച

കൊസോവോ രാജ്യത്തുനിന്നുവന്ന 2 സ്ത്രീകളും 2 കുട്ടികളും ഉൾപ്പെടെ 17 പേരടങ്ങുന്ന സംഘം തുടർന്ന് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ആദ്യമായി ജൽസയിൽ പങ്കെടുക്കുന്നവരെ ആദ്യം ചോദിച്ചറിഞ്ഞ ഹുദൂർ അവരുടെ പ്രതികരണങ്ങളെ കുറിച്ചും അന്വേഷിച്ചു.

സംഘാത്തിലെ ഒരു അംഗം അഗ്രോൺ ബിനാകാജ് സാഹിബ് ആദ്യമായി ഈ വാക്കുകളിൽ പ്രതികരിച്ചു:

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജൽസാ സംവിധാനങ്ങളിൽ അസാധാരണമായ വിശാലതയും കാതലായ മാറ്റവും ദൃശ്യമായി. വളരെ ഉന്നതനിലവാരം പുലർത്തുന്നതായിരുന്നു ജൽസയിലെ എല്ലാ സംവിധാനങ്ങളും.

ഷെയ്പ് സെഖീറ സാഹിബ പറയുന്നു:ഈ ജൽസയുടെ ഭാഗമായതിൽ സന്തോഷത്തിന്റെ പാരമ്യതയിലാണു ഞാൻ. എന്റെ ജീവിതത്തിലെ അതിശ്രേഷ്ഠവും സന്തോഷപൂരിതവുമായ ദിനമായിരുന്നു ഇത്. ജൽസയുടെ എല്ലാ സംവിധാനങ്ങളും ഇവിടെയുള്ള ഓരോ വ്യക്തിയും എന്നെ വല്ലാതെ ആകർഷിച്ചു. വളരെ അച്ചടക്കത്തോടെയുള്ളതായിരുന്നു എല്ലാ സംവിധാനങ്ങളും.

അദ്ദേഹം പറഞ്ഞു: എനിക്കൊരു ആത്മീയമായസന്തോഷവും കരസ്ഥമായി.

* ഷ്കെൽകിം ബിറ്റിസി സാഹിബ്. അദ്ദേഹം ലോക്കൽ മുഅല്ലിമായി സേവനം ചെയ്യുകയാണ്. ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. അദ്ദേഹം തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:കൊസോവോയിൽ നമ്മുടെ ജമാഅത്തംഗങ്ങൾ നന്നെ കുറവാണ്. ഇത്രയും വലിയ ജമാഅത്തിനെ ആദ്യമായി ഇവിടെ വന്ന് കാണുമ്പോൾ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ മഹനീയ ജൽസയുടെ ഭാഗമായി ഇസ്‌ലാം അഹ്മദിയ്യത്തിന്റെ മഹത്തായ കുടുംബാംഗത്തിലാണെന്ന തോന്നൽ എനിക്കുണ്ടാകുന്നു.

ഹുദൂർ അൻവറിന്റെ എല്ലാ പ്രഭാഷണങ്ങളും ആത്മജ്ഞാനഭരിതവും പരമമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ അഗാധമയ സ്വാധീനം എന്നിൽ ചെലുത്തുകയുണ്ടായി. ഉത്തമമായ രീതിയിൽത്തന്നെ എല്ലാ സംവിധാനങ്ങളും ചെയ്തിരുന്നു. അതിനു ഞാൻ ആശംസകൾ നേരുകയാണ്.

സംഘാംഗമായ റിനാ സെഖിരാജ് സാഹിബ പറയുന്നു:ആദ്യമായാണ് ഞാൻ ജൽസയുടെ ഭാഗമാകുന്നത്. ജൽസയുടെ സംവിധാനങ്ങളെല്ലാം പൂർണ്ണമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവ് ആർക്കെങ്കിലും വേണമെങ്കിൽ അവർ ജൽസയിൽ വരികയും നേരിട്ട് കാണുകയും ചെയ്യുക!

ഹുദൂർ അൻവർ:താങ്കൾ വളരെ നല്ല കാര്യമാണ് വിശദീകരിച്ചത്.

തുടർന്ന് റിനാ സാഹിബ കൊസോവോ ജമാഅത്തിനുവേണ്ടി പ്രത്യേകമായി ഹുദൂറി

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 24August 2023 Issue-34

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

നോടു ദുആക്കപേക്ഷിച്ചു.

ഹുദൂർ അൻവർ: ഇൻശാ അല്ലാഹ്, ഞാൻ ഓരോ ചെറു ജമാഅത്തിനു വേണ്ടിയും ദുആ ചെയ്യുന്നു. അവിടേയും വലിയ വലിയ ജൽസാ നടത്താൻ സാധിക്കുംവിധം അല്ലാഹു അഭിവൃദ്ധി പ്രദാനം ചെയ്യുമാറാകട്ടെ.

അൽബാൻ സെഖീരാജ് സാഹിബ് പറയുന്നു:കൊസോവോ ജമാഅത്തിലെ എല്ലാ സഹോദരന്മാരുടേയും ഭാഗത്തുനിന്നു അസ്സലാമു അലയ്ക്കും ഹുദൂറിനെത്തിക്കുന്നു.

ഹുദൂർ അൻവർ: കൊസോവോയിലെ എല്ലാ സഹോദരന്മാർക്കും വ അലയ്ക്കുമുസ്സലാം. വ റഹ്‌മത്തുല്ലാഹി വ ബർക്കാത്തുഹു വിന്റെ സന്ദേശമെത്തിക്കുക.

അൽബാൻ സാഹിബ്: കഴിഞ്ഞ നാലു വർഷമായി കൊസോവോയിൽ കേന്ദ്ര മിഷണറി ഉണ്ടായിട്ടില്ല. അവിടെ ഒരു മുബല്ലിഗ് പെട്ടെന്ന് ലഭ്യമാകുന്നതിനുള്ള സാഹചര്യങ്ങളുണ്ടായി വരാൻ ഹുദൂറിനോട് ദുആക്കപേക്ഷിക്കുകയാണ്.

ഹുദൂർ അൻവർ:സ്വന്തം രാജ്യത്തിലെ നേതാക്കന്മാർക്കും മൗലവിമാർക്കും വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. അവരുടെ ഭാഗത്തു നിന്നു ഉണ്ടാകുന്ന തടസ്സങ്ങൾ അവൻ അകറ്റുമാറാകട്ടെ.

കൊസോവോ ജമാഅത്തിന്റെ ഇശാഅത്ത് സെക്രട്ടറി മുഹമ്മദ് പെസി സാഹിബ് പറഞ്ഞു:ഹുദൂർ! ഹുദൂർ എന്നേയും മറ്റൊരു സ്നേഹിതനായ റെക്സ് ഹെപ് ഹസനി സാഹിബിനേയും വിശുദ്ധ ഖുർആനിന്റെ അൽബേനിയൻ തർജമയുടെ പ്രൂഫ് റീഡിംഗ് നോക്കാനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചിരുന്നു. ഇത് വളരെ ദുഷ്കരവും സുപ്രധാനവുമായ ഉത്തരവാദിത്വമാണ്. ഏറ്റവും നല്ല രീതിയിൽ ഈ ഉത്തരവാദിത്വം നിർവഹിക്കാൻ എനിക്കുവേണ്ടി ദുആക്കപേക്ഷിക്കുന്നു.

ഹുദൂർ അൻവർ: അല്ലാഹു സഹായിക്കുമാറാകട്ടെ. വളരെ ശ്രദ്ധയോടെ ചെയ്യുക. വളരെ ശ്രദ്ധ നല്കേണ്ട കാര്യമാണ്. തർജമ ജോലി ചെയ്യാൻ തുടങ്ങുമ്പോഴെല്ലാം ദുആയോടുകൂടി തുടങ്ങുക. ദുആ കൊണ്ടുതന്നെ അവസാനിപ്പിക്കുകയും ചെയ്യുക. അല്ലാഹു താങ്കളെ തുണയ്ക്കുമാറാകട്ടെ. ആമീൻ.

* ഒരു സ്നേഹിതൻ ബ്ളിയാർട്ട് സെഖിരാജ് സാഹിബ് പറയുന്നു:കഅ്ബാലയം സന്ദർശിക്കണമെന്ന ആഗ്രഹം കൊസോവോ ജമാഅത്തിലെ ചില സ്നേഹിതന്മാർക്കുണ്ട്. അവർക്കു വേണ്ടിയും ഹുദൂറിനോട് ദുആക്ക് അപേക്ഷിക്കുന്നു.

ഹുദൂർ അൻവർ:അല്ലാഹു തുണയ്ക്കുമാറാകട്ടെ.

* മറ്റൊരു സ്നേഹിതൻ ആദരണീയ ഇലിറിയൻ ഇബ്‌റാഹീമി സാഹിബ്: ഹദ്റത്ത് വാഗ്ദത്ത മസീഹ് ജൽസാ സാലാനയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത പ്രാർഥന കൊസോവോയിൽനിന്നു വന്ന എല്ലാ സംഘാംഗങ്ങൾക്കുമേലും പൂർത്തിയാകാൻ ഹുദൂറിനോട് ദുആക്കപേക്ഷിക്കുന്നു. ഹുദൂർ അൻവർ ഒരു സംഘാംഗമായ നെസീർ ബലാജ് സാഹിബിനോട്:താങ്കളെ പ്പോഴാണ് ജമാഅത്തിൽ വന്നത്?

നെസീർ ബലാജ് സാഹിബ് പറയുന്നു:മൂന്നു വർഷമായി ഞാൻ ബയ്അത്ത് ചെയ്തു. അല്ലാഹു സ്വീകരിക്കുന്ന ദീനീ സേവനങ്ങൾ നിർവഹിക്കുന്നതിന് അല്ലാഹു എനിക്ക് അവസരം നല്കാൻ ദുആക്ക് അപേക്ഷിക്കുന്നു. കൊസോവോ ജമാഅത്ത് പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ ക്രിയാത്മകമായ പങ്കുനിർവഹിക്കുന്നതിന് വേണ്ടിയും ദുആക്ക് അപേക്ഷിക്കുന്നു.

കൊസോവോ സംഘവുമായി നടന്ന ഈ കൂടിക്കാഴ്ച 12.45 വരെ തുടർന്നു. പിന്നീട് എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

എല്ലാ സംഘാംഗങ്ങൾക്കും ഹുദൂർ അൻവർ പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

മോണ്ടിനെഗ്രോ സംഘവുമായുള്ള കൂടിക്കാഴ്ച:

തുടർന്ന് മോണ്ടിനെഗ്രോ സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ സംഘത്തിൽ റാഗിബ് ശപ്താഫി സാഹിബും അലി കോവാച്ചി സാഹിബും ഉണ്ടായിരുന്നു.

ജൽസാ സാലാന ജർമനിയിൽ രണ്ടാമത്തെ പ്രാവശ്യം പങ്കെടുക്കാനെത്തിയ റാഗിബ് സാഹിബ് പറയുന്നു:ഈ വർഷത്തെ ജൽസയിൽ വ്യക്തമായ മാറ്റം വളരെയധികം മനസ്സിലാക്കാൻ സാധിച്ചു. സംവിധാനങ്ങളുടെ കാര്യത്തിലും എണ്ണത്തിന്റെ അടിസ്ഥാനത്തിലും ഇത് അനുഭവവേദ്യമായി. ജൽസയിലെ പ്രഭാഷണങ്ങളും വിശിഷ്യാ ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങളും വിശ്വാസവർധന സൃഷ്ടിക്കുന്നതായിരുന്നു.

കഴിഞ്ഞ വർഷം ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം അദ്ദേഹം മടങ്ങിപ്പോയി സ്വന്തം വൃത്തത്തിലുള്ള കുറേ വ്യക്തികളോട് ജമാഅത്തുമായി ബന്ധപ്പെട്ട് ബന്ധം സ്ഥാപിച്ചു. സ്വന്തം പട്ടണത്തിലെ മേയറുമായും അദ്ദേഹത്തിന്റെ ഡെപ്യൂട്ടിയുമായും ബന്ധപ്പെട്ടു. മോണ്ടിനെഗ്രോയിലെ ഒരു മുൻമന്ത്രിക്കും ജമാഅത്തിനെ പരിചയപ്പെടുത്തിയതായും ഹുദൂറിനെ അറിയിച്ചു.

റാഗിബ് സാഹിബ് പറയുന്നു:ഇപ്പോൾ രണ്ടു തരത്തിലുള്ള തടസ്സങ്ങളാണ് കാണപ്പെടുന്നത്. മുസ്‌ലിമീങ്ങളിലെ വിഭാഗങ്ങൾ ജമാഅത്തിനെ എതിർക്കുന്നു എന്നതാണ് ആദ്യത്തേത്. അവർ അടുത്തു വരില്ല. രണ്ടാമത്തെ കാര്യം അമുസ്‌ലിമീങ്ങൾ മതത്തോടു അടുക്കുന്നില്ല.

ഹുദൂർ അൻവർ:മുസ്‌ലിമീങ്ങൾ സ്വന്തം താൽപര്യങ്ങളാണ് കാണുന്നത്. അഹ്‌മദിയ്യാ ജമാഅത്ത് എന്താണ് പറയുന്നതെന്നും അധ്യാപനമെന്താണെന്നും ഇവർ ചിന്തിക്കുന്നില്ല. പാക്കിസ്താനി മൗലവി പറയുന്നത് ഇവർ അംഗീകരിക്കുന്നു. അതിന്റെ പിന്നാലെ പോകുന്നു. ഇതേ പണ്ഡിതന്മാരാണ് ഇസ്‌ലാമിന്റെ രൂപം മോശമാക്കിയത്. ഇതിന് അന്ത്യം കുറിക്കാനാണ് ഇമാം മഹ്ദി വന്നിരിക്കുന്നത്.

റാഗിബ് സാഹിബ് പറയുന്നു:അഹ്‌മദിയ്യാ ജമാഅത്ത് നബി(സ)തിരുമേനിയെ നഊദു ബില്ലാഹ് അംഗീകരിക്കുന്നില്ലെന്നാണ് പൊതുവേ മോണ്ടിനെഗ്രോ മുസ്‌ലിമീങ്ങളിൽ കാണുന്നത്. എന്നാൽ, ജമാഅത്തിനെ അടുത്തുനിന്ന് കാണുന്ന ഒരാൾക്ക് ഇതെല്ലാം കളവാണെന്ന് ഉടൻ വ്യക്തമാകും.

ഹുദൂർ അൻവർ:നമ്മൾ നബി(സ)തിരുമേനിയെ അംഗീകരിക്കുന്നില്ലെന്നത് നഊദുബില്ലാഹ് നമ്മുടെ ജമാഅത്തിന്റെമേൽ അതിഗുരുതരമായ വ്യാജാരോപണമാണ്.

**(തുടരും)**

**(പേജ് 1 ൽനിന്ന്)**

ലിമീങ്ങൾക്ക് വേഗം വിജയങ്ങൾ ലഭിക്കാനും പോകുകയായിരുന്നു. ഈ രണ്ടു കാര്യങ്ങളേയും പരിഗണിച്ച്, ശത്രുവിന്റെ പരിഹാസത്തിന് ഇസ്‌ലാമിനെ കുറിമാനമാക്കാൻ വിടരുതെന്നും അലസരായിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കളഞ്ഞുകുളിക്കരുതെന്നും മുസ്‌ലിമീങ്ങളെ ജാഗ്രതപ്പെടുത്തി.

ഈ വചനത്തിൽ അഞ്ചുനേരത്തെ നമസ്കാരസമയവും പറയപ്പെട്ടിരിക്കുന്നു. 'ദുലൂക്കി'ന് മൂന്ന് അർഥമുണ്ട്.

(1)മാലത്ത് വ സാലത്ത് അൻ കബ്ദിസ്സമാഉ അതായത് അസ്തമയത്തിന് ദുലൂക് എന്നു പറയുന്നു. ഇതിലാണ് ളുഹ്ർ നമസ്കാരം വരുന്നത്. (2)ഇസ്ഫർറത്ത് സൂര്യന് മഞ്ഞനിറമുണ്ടാകുന്ന സമയം. അതിനും ദുലൂക് എന്നു പറയുന്നു. ഇതിൽ അസ്ർ നമസ്കാരത്തിന്റെ സമയം പറയപ്പെട്ടിരിക്കുന്നു. മൂന്നാമത്തെ അർഥം ഗറബത്ത് അതായത് സൂര്യാസ്തമയം. ഇതിൽ മഗ്‌രിബ് നമസ്കാരത്തിന്റെ സമയം പറയപ്പെട്ടിരിക്കുന്നു. (4)ഗസഖില്ലയിലിന്റെ അർഥം ളുൽമത്തു അവ്വലില്ലയ്‌ലി അതായത് രാത്രിയുടെ ആദ്യഭാഗത്തെ ഇരുട്ട്. ഇതിൽ ഇശാഅ് നമസ്കാരത്തിന്റെ സമയം പറയപ്പെട്ടരിക്കുന്നു. (5)ഖുർആനിൽ ഫജ്‌രി എന്നു പറഞ്ഞുകൊണ്ട് സ്വുബ്ഹി നമസ്കാരത്തിന്റെ സമയവും പറഞ്ഞു. ഇതുകൂടാതെ മറ്റൊരു സമയവും രാവിലെയുള്ള ഖുർആൻ പാരായണത്തിന് നിർബന്ധമായിട്ടില്ല.

ഇന്ന ഖുർആനൽഫജ്‌രി കാന മശ്ഹൂദാ. ഹദീഥുകളിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു:സ്വുബ്ഹിയുടെ നമസ്കാര നേരത്ത് പകലിന്റെ മലക്കുകൾ വരുന്നു. രാത്രിയുടെ മലക്കുകൾ പോകുന്നു. ആ മലക്കുകൾ അല്ലാഹുവിന്റെ അടുത്ത് പോകുമ്പോൾ ചോദിക്കുന്ന നേരത്ത് പറയും ഞങ്ങൾ ലോകത്ത് പോയപ്പോൾ നിന്റെ ദാസരെ നമസ്കരിക്കുന്നവരായി കണ്ടു. തിരിച്ചുവരുമ്പോൾ നമസ്കരിക്കുന്നവരായ നിലയിൽ വിട്ടുകൊണ്ടാണ് വന്നത്. അൻ അബീഹുറയ്‌റത്ത അനിന്നബിയ്യി(സ)ഖാല നശ്ഹദുഹു മലാഇക്കത്തുല്ലയ്‌ലി വ മലാഇക്കത്തുന്നഹാരി(അൽഹദീഥ്)ഇതിന്റെ ഉദ്ദേശ്യമിതാണ്; സ്വുബ്ഹി നമസ്കാരം പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ മുമ്പിൽ സമർപിക്കപ്പെടുന്നു. പ്രത്യേകമായ നിലയിൽ സ്വീകരിക്കപ്പെടുന്നു. കാരണം ആ നേരത്ത് മനുഷ്യൻ മാധുര്യമേറിയ ഉറക്കം ഉപേക്ഷിച്ചിട്ടാണ് ഉണരുന്നത്. സ്വുബ്ഹി നമസ്കാരം യഥാർഥത്തിൽ സാധാരണ മുസ്‌ലിമീങ്ങളുടെ തഹജ്ജുദുതന്നെയാണ്. നിസംശയം സ്വുബ്ഹി നമസ്കരിക്കുന്ന മനുഷ്യൻ ആ നമസ്കാരം വിശ്വസ്തതയോടെ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ മറ്റു നമസ്കാരങ്ങളും അവന് എളുപ്പമായിത്തീരുന്നതായിരിക്കും.'(തഫ്സീറെ കബീർ, വാള്യം 4, പേജ് 373, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin